# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കരുംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP3/1692 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 13/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP3/1692 /2023 തീയ്യതി: 13/12/2023

# തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ശ്രീജ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2023 | 18-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2023 | 18-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ബിന്ദുലത ബി.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശ്രീജിത്ത് എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി പ്രിയദർശിനി എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിഞ്ചു.എം.ഡിക്സൺ | പ്രസിഡന്റ് | 01-04-2022 | 04-01-2023 |
| ശ്രീമതി ഫ്രീഡാ സൈമൺ | പ്രസിഡന്റ് | 05-01-2023 | 31-03-2023 |
| ശ്രീ.സലിൽ.എ).സോണി | സെക്രട്ടറി | 01-04-2022 | 26-04-2022 |
| കുമാരി മഞ്ജൂഷ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-04-2022 | 28-04-2022 |
| ശ്രീമതി മിനി.ജെ | സെക്രട്ടറി | 29-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കുമാരി മഞ്ജൂഷ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ അരുൺ  ജെ പ്രതാപ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 25-09-2022 |
| ശ്രീമതി ലൈല ഡി | അസിസ്റ്റന്റ് എഞ്ചിനിയർ | 26-09-2022 | 31-03-2023 |
| ഡോ.മംഗള | മെഡിക്കൽ  ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.റീന ശാന്തം | മെഡിക്കൽ  ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. സുനിൽ | വെറ്റിനറി സർജൻ | 01-04-2022 | 30-01-2023 |
| ഡോ. ശ്രീലക്ഷ്മി | വെറ്റിനറി സർജൻ | 01-02-2023 | 31-03-2023 |
| ശ്രീമതി ദീപ.എസ്.മണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജിഷ്മ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു .എച്ച്.വി | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ. സീമ മുരളി | മെഡിക്കൽ  ഓഫീസർ, ഹോമിയോ | 01-04-2022 | 13-02-2023 |
| ഡോ. മീര റാണി | മെഡിക്കൽ  ഓഫീസർ, ഹോമിയോ | 14-02-2023 | 31-03-2023 |
| ശ്രീമതി രാജി .കെ.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |

| | | | |
|---|---|---|---|
| ശ്രീ. മനോജ് .കെ.ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-01-2023 | 02-02-2023 |
| ശ്രീ. രാഗേഷ് .എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-02-2023 | 31-03-2023 |
| ശ്രീമതി ബിന്ദു .കെ.വി | വി.ഇ.ഒ (South) | 24-05-2022 | 01-08-2022 |
| ശ്രീ. സിജു | വി.ഇ.ഒ (South) | 02-08-2022 | 31-03-2023 |
| ശ്രീമതി ഉഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജിഷ്മ.ജി.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സമ്പത്ത് | വി.ഇ.ഒ (North) | 01-04-2022 | 21-05-2022 |
| വേക്കന്റ് | വി.ഇ.ഒ (North) | 22-05-2022 | 23-05-2022 |
| ശ്രീ. ജയകുമാർ.എൻ.കെ | വി.ഇ.ഒ (North) | 24-05-2022 | 05-08-2022 |
| ശ്രീമതി മേരി ജോയ്സ് | വി.ഇ.ഒ (North) | 06-08-2022 | 30-11-2022 |
| വേക്കന്റ് | വി.ഇ.ഒ (North) | 01-12-2023 | 01-12-2023 |
| ശ്രീമതി സംഗീത.സി.എസ് | വി.ഇ.ഒ (North) | 02-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | റസീറ്റ് ഹെഡ് വ്യക്തമല്ല | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-4 |
| 6 | ട്രഷറി ബില്ലിലൂടെ പിൻവലിച്ചിട്ടുള്ള തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററുകളിലെ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | തുക ചെലവ് ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നൽകുന്നില്ല. | 1-1-9 |
| 11 | രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ആസ്തി മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ ബുക്ക് ചെയ്തിരിക്കുന്നു. | 1-1-11 |
| 13 | അക്കൌണ്ടിലെ നീക്കിയിരിപ്പ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല | 1-1-13 |
| 15 | ആസ്തി മൂല്യത്തിനു തുല്യമായ തുകക്ക് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ നൽകിയിട്ടില്ല | 1-1-14 |
| 16 | മറ്റു അപാകങ്ങൾ | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ക്യാഷ് വെരിഫിക്കേഷൻ. | 1-6 |
| 22 | ക്ഷേമ പെൻഷനുകൾ. | 1-7 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 24 | എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ടു - പൊരുത്തക്കേടുകൾ | 1-9-1 |
| 25 | എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൌണ്ടിലെ വർഷാവസാന നീക്കിയിരിപ്പ് '0' ആക്കിയിട്ടില്ല | 1-9-2 |

| | | |
|---|---|---|
| 26 | എസ്റ്റിമേറ്റിലും അധികനിരക്കിൽ തുക അനുവദിച്ചു - 20164/- രൂപ തടസ്സം ചെയ്യുന്നു | 1-9-3 |
| 27 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 28 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 29 | നികുതി വരുമാന ശേഖരണം - വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-11 |
| 30 | സഞ്ചയ അപാകതകൾ പരിഹരിക്കപ്പെടുന്നില്ല. | 1-12 |
| 31 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികിതി പിരിച്ചെടുത്തിട്ടില്ല. | 1-13 |
| 32 | വാണിജ്യ കെട്ടിടത്തിന് തെറ്റായ നികുതി നിർണയം നടത്തി. | 1-14 |
| 33 | വരവുകൾ ശരിയായ ഹെഡുകളിൽ വരവു വയ്ക്കുന്നില്ല | 1-15 |
| 34 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-16-1 |
| 35 | തൊഴിൽ നികുതി -പൂർണ്ണ നിരക്കിൽ അടച്ചിട്ടില്ല. | 1-16-2 |
| 36 | തൊഴിൽ നികുതി -അപാകങ്ങൾ | 1-16 |
| 37 | മുഴുവൻ വളർത്ത് നായ്ക്കൾക്കും ലൈസൻസ് അനുവദിച്ച് നൽകേണ്ടതാണ് | 1-17-1 |
| 38 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-17-2 |
| 39 | കശാപ്പ്ശാലകൾക്ക് ലൈസൻസ് നൽകേണ്ടതും നിയമാനുസൃതമായ പരിശോധനകൾ നടത്തേണ്ടതാണ്. | 1-17-3 |
| 40 | വാണിജ്യ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതാണ് | 1-17-4 |
| 41 | ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-17 |
| 42 | കെട്ടിടങ്ങൾ ക്രമപ്പെടുത്തുന്നതിലും രജിസ്റ്ററുകളുടെ പരിപാലനത്തിലും കെട്ടിട നിർമ്മാണ നടപടി ക്രമങ്ങളിലെയും അപാകതകൾ- തുടർനടപടി അനിവാര്യം. | 1-18 |
| 43 | വരവു ഫയലുകൾ/രേഖകൾ പരിശോധനക്കു ലഭ്യമായില്ല. | 1-19 |
| 44 | ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്. | 1-20 |
| 45 | പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമല്ല. | 1-21 |
| 46 | വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-24000 രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 47 | വാഹന പരിപാലനം-അപാകങ്ങൾ | 1-23 |
| 48 | ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-24 |
| 49 | സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല. | 1-25 |
| 50 | വെള്ളക്കരം-കുടിശ്ശിക പരിഹരിക്കാൻനടപടി സ്വീകരിക്കണം | 1-26 |
| 51 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-27 |
| 52 | ആശ്രയ-ചെലവഴിക്കാതെ അവശേഷിക്കുന്ന തുകതിരികെ ഈടാക്കണം | 1-28 |
| 53 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകങ്ങൾ | 1-29 |
| 54 | വിവിധ പ്രവർത്തികളുമായി ബന്ധപ്പെട്ട് ഭരണസമിതി നിർദേശിച്ച നടപടികളുടെ തുടർ വിവരം അറിയിക്കേണ്ടതാണ്. | 1-30 |

| | | |
|---|---|---|
| 55 | ഓടനിർമ്മാണ പ്രവർത്തിയിൽ ഫോംവർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്നു-ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ് | 1-31 |
| 56 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് | 1-32 |
| 57 | റൂഫിംഗ് പ്രവർത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ നൽകി - 17,640/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-33 |
| 58 | റോഡ് കോൺക്രീറ്റിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി- 13,035/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-34 |
| 59 | കരാർ വാഹന വാടകയിൽ നിന്നും ഈടാക്കേണ്ട നികുതി തുക 3,722/- രൂപ ഈടാക്കേണ്ടതാണ്- | 1-35 |
| 60 | ടെൻഡർ ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. | 1-36 |
| 61 | കരാർ സ്ഥാപനം വിതരണം നടത്തിയ ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ഉപയോഗിക്കുകയും സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്തില്ല | 1-37 |
| 62 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം അനുവദിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ് | 1-38 |
| 63 | ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൌണ്ടിൽ നിലനിറുത്തിയിരിക്കുന്നു | 1-39 |
| 64 | മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു | 1-40 |
| 65 | രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല | 1-41 |
| 66 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു | 1-42 |
| 67 | ജി.എസ്.ടി. ഒടുക്കുന്നതിലെ പൊരുത്തക്കേടുകൾ | 1-43 |
| 68 | ബാങ്കിൽ നിന്നുള്ള പിൻവലിക്കലുകളുടെ ആധികാരികത വ്യക്തമല്ല - 1,44,261/- രൂപ തടസ്സം ചെയ്യുന്നു. | 1-44 |
| 69 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു സർക്കാർ അനുമതി തേടേണ്ടതാണ്. | 1-45 |
| 70 | ഭവനനവീകരണത്തിനായി മുൻകൂർ തുക കൈപ്പറ്റിയെങ്കിലും നവീകരണം നടത്തിയില്ല | 1-46 |
| 71 | ലൈഫ് ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം ഉപയോഗിച്ച്, മറ്റു വ്യക്തിക്കായി ഭവനം നിർമ്മിച്ചു - തുക തിരികെ ഈടാക്കേണ്ടതാണ്. | 1-47 |
| 72 | ലൈഫ് ഭവനപദ്ധതിക്കായി കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല | 1-48 |
| 73 | ബയോകമ്പോസ്റ്റർ ബിന്നുകളുടെ വിതരണം - പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തിയിട്ടില്ല | 1-49 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 08.08.2023 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 08.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരുംകുളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരുംകുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (12588966/-) എന്നത് Net /Increase/Decrease In Cash And Cash Equivalants (12006868/-) മായി പൊരുത്തപ്പെടുന്നില്ല.

## 1-1-3 റസീറ്റ് ഹെഡ് വ്യക്തമല്ല

വാർഷിക കണക്കുകൾ ഇൻകം & എക്സ്പെൻഡിച്ചറിലെ 180800199 ഹെഡ് കോഡ് പ്രകാരം ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ മിസലേനിയസ് റസീറ്റ്സ് ഹെഡിൽ 2,31,04,084/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതൊക്കെ ഇനത്തിലെ വരവാണെന്നത് വ്യക്തമാക്കാനറിയച്ചതിനാൽ (ഓഡിറ്റ് അന്വേഷണം നം.7) ബന്ധപ്പെട്ട ലെഡ്ജർ ലഭ്യമാക്കുകയുണ്ടായി. ലെഡ്ജർ പ്രകാരം മേൽ തുക ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമായതായും 567898/- രൂപ MGNREGS വരവായും ബാക്കി തുക 'നാഷണലൈസ്സ് ബാങ്ക് അക്കൗണ്ട് ഓഫ് റവന്യുഫണ്ട്' ഹെഡിലും വരവായി ഉൾപ്പെടുത്തിയതായി കാണുന്നു. മറ്റ് തുകകൾ ഏതിനമാണെന്ന് വ്യക്തമാക്കേണ്ടതും കൃത്യമായ ഹെഡുകളിൽ ചേർത്ത് അപാകം പരിഹരിക്കേണ്ടതുമാണ്.

## 1-1-4 ബാങ്ക് റീകൺസിലിയേഷൻ നടത്തിയിട്ടില്ല

ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ റികൺസിലിയേഷൻ നടത്തിയിട്ടില്ല.

| അക്കൌണ്ട് | വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| ഇന്ത്യൻ ബാങ്ക് തനത് ഫണ്ട് (6014716811) | 3798089 | 4067030.27 |
| ഹെൽത്ത് ഗ്രാന്റ് (40733101056200) | 3439 | 205988.95 |
| എസ്.ബി.ഐ. ഇപേമെന്റ് (37945809242) | 589532 | 582188 |
| LGTSB (799013000000891) | -197250 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എ (40733101057449) | 1959405 | 823609.50 |

## 1-1-5 ട്രഷറി ബില്ലിലൂടെ പിൻവലിച്ചിട്ടുള്ള തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ട്രഷറി ബില്ലിലൂടെ പിൻവലിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ ബന്ധപ്പെട്ട ഹെഡുകളിൽ വരവിലും ചെലവിലും വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ബിൽ നം./തീയതി | വരവിനം | വരവു തുക |
|---|---|---|
| 17/22.09.2022 | തൊഴിൽ രഹിത വേതനം | 2880 |
| 85/14.03.2023 | പ്രീമൺസൂൺ ക്ലീനിംഗ് | 180000 |

## 1-1-6 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററുകളിലെ സംക്ഷിപ്തം ആയി രേഖപ്പെടുത്തിയിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർക്കുന്ന വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി ജീവനക്കാർ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 584856 | 561106 | 0 |
| രജിസ്റ്റർ പ്രകാരം | സംക്ഷിപ്തം | | |

| | |
|---|---|
| | രേഖപ്പെടുത്തിയിട്ടില്ല |

ലൈസൻസ് ഫീ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 69000 | 68000 | 0 |
| രജിസ്റ്റർ പ്രകാരം | സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല | | |

വസ്തുനികുതി കറന്റ്

| | ഡിമാന്റ് | കളക്ഷൻ + അഡ്വാൻസ് | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 3195510 | 2691319 | 529348 |
| സഞ്ചയ പ്രകാരം | 3360124 | 2770894 | 455847 |

വസ്തു നികുതി അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 688739 | 696478 | 229428 |
| സഞ്ചയ പ്രകാരം | 962938 | 594231 | 346897 |

## 1-1-7 തുക ചെലവ് ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

220110101 ഇലക്ട്രിസിറ്റി ചാർജ്ജസ് ഓഫീസ് ഹെഡിൽ 1,37,52,657/- രൂപയുടെ ചെലവു ബുക്ക് ചെയ്തിട്ടുണ്ട്. ലഡ്ജർ പരിശോധിച്ചതിൽ 13,360,029.00 രൂപ 42201141 നമ്പർ ജേണൽ എൻട്രി നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടു. പ്രസ്തുത ജേണലുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, ചെലവു രേഖകൾ ലഭ്യമാക്കിയില്ല. 13,360,029.00 രൂപ ഏതു ശീർഷകത്തിലെ ചെലവാണെന്നത് വ്യക്തമല്ല.

## 1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ, ഡെപ്പോസിറ്റ്സ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ പരിപാലിച്ചിട്ടില്ല. ഈയിനങ്ങളിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്താനായില്ല.

## 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നൽകുന്നില്ല.

എല്ലാ സാമ്പത്തിക വർഷാരംഭത്തിലും ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി ഡിമാന്റ് വിവരങ്ങൾ സാംഖ്യയിൽ ബുക്ക് ചെയ്യേണ്ടതുണ്ട്. കൂടാതെ, ഓരോ മാസവും തൻ മാസം ഡിമാന്റ് ചെയ്ത വസ്തു നികുതി വിവരങ്ങളും സാംഖ്യയിൽ ബുക്ക് ചെയ്ത് ഡിമാന്റ് അപ്ഡേറ്റ് ചെയ്യേണ്ടതുണ്ടെങ്കിലും അപ്രകാരം ബുക്ക് ചെയ്തിട്ടില്ല. ഉദാഹരണത്തിന് വസ്തു നികുതി ഡിമാന്റ് 31.03.2023 ൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് ബുക്കു ചെയ്തിട്ടുള്ളത്.

## 1-1-10 രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

തനതു വരവുകുളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ

ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഉദാ- ലൈസൻസ് രജിസ്റ്റർ

## 1-1-11 ആസ്തി മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ ബുക്ക് ചെയ്തിരിക്കുന്നു.

ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. ഡിപ്രിസിയേഷൻ അനുവദിച്ചിട്ടുള്ളത് ക്രമപ്രകാരമാണോ എന്നത് ഉറപ്പാക്കാനായില്ല.

ആസ്തി മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ ബുക്ക് ചെയ്തിരിക്കുന്നു. കൂടാതെ, ആസ്തി ഇല്ലാത്ത ഹെഡുകളിലും ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ആസ്തി ഹെഡ് | 31.03.2023 ലെ ആസ്തി മൂല്യം | 31.03.2023 ലെ ഡിപ്രിസിയേഷൻ |
|---|---|---|
| റോഡ്സ്, ഫുട്പാത്ത്സ്, ബ്രിഡ്ജസ് | 21579075 | 38434092 |
| പബ്ലിക് ലൈറ്റിംഗ് | 8632384 | 12286744 |

## 1-1-12 അക്കൌണ്ടിലെ നീക്കിയിരിപ്പ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി. അക്കൌണ്ടിന്റെ 31.03.2023 ലെ നീക്കിയിരിപ്പ് വാർഷിക കണക്കുകൾ ബാലൻസ് ഷീറ്റ് B 17 പ്രകാരം 1,17,36,542/-രൂപയാണ്. എന്നാൽ ഇ ഗ്രാം സ്വരാജ് പോർട്ടലിൽ നിന്നുള്ള ക്യാഷ് ബുക്ക് പ്രകാരം പ്രസ്തുത ഫണ്ടിലെ നീക്കിയിരിപ്പ് 11,765606/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയില്ല.

## 1-1-13 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-14 ആസ്തി മൂല്യത്തിനു തുല്യമായ തുകക്ക് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ നൽകിയിട്ടില്ല

തൻ വർഷ ആസ്തിക്കു തുല്യമായ തുക തൻ വർഷ ക്യാപിറ്റൽ കോൺട്രിബ്യൂഷനുമായി പൊരുത്തപ്പെടുന്നില്ല. (തൻ വർഷ ആകെ ആസ്തി (ബി11 + ബി11(സി) + ബി 11(ഡി) + ബി11 (ഇ)) – മുൻവർഷ ആസ്തി (ബി 11) എന്നത് തൻ വർഷ ആകെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (ബി3) – മുൻവർഷ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (ബി 3) എന്നതുമായി പൊരുത്തപ്പെടുന്നില്ല.)

## 1-1-15 മറ്റു അപാകങ്ങൾ

1. വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് ബി1 ഹെഡ് 310900101 എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പന്റിച്ചർ മുന്നിരിപ്പ് തുക 12274439/- രൂപ എന്നും, നീക്കിയിരിപ്പ് തുക 4198864/- രൂപ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. നീക്കിയിരിപ്പ് തുക തിട്ടപ്പെടുത്തിയതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്ക് പരിശോധനക്കു ലഭ്യമാക്കിയില്ല.

4. ബി9 ഷെഡ്യൂളിൽ 350800101 ലയബിലിറ്റി ഇന്റസ്പക്ട് ഓഫ് സ്റ്റെയിൽ ചെക്ക്സ് ഹെഡിലെ മുന്നിരിപ്പ് 37,735/- രൂപയും, തൻവർഷ വരവ്/ബാധ്യത 3,20,000/- രൂപയും, നീക്കിയിരിപ്പ് 3,57,735/-

രൂപയുമാണ്. ലഡ്ജർ പ്രകാരം വരവായി രേഖപ്പെടുത്തിയിട്ടുള്ളത് കാലഹരണപ്പെട്ട ചെക്കുകളുമായി ബന്ധപ്പെട്ട തുകയല്ല. ഏതിനത്തിലെ വരവ്/ബാധ്യതയാണ് ഈ ഹെഡിൽ ബുക്ക് ചെയ്തിട്ടുള്ളത് എന്നതു വ്യക്തമാക്കിയില്ല.

5. ബി5 ഷെഡ്യൂളിലെ നീക്കിയിരിപ്പ് (39737791) എന്നത് ബി 16 ലെ നീക്കിയിരിപ്പുമായി (37748763) പൊരുത്തപ്പെടുന്നില്ല.

6. ഇ ടെണ്ടർ ഫാറവിലയിനത്തിൽ ലഭ്യമാകുന്ന തുകകൾ അസി. എഞ്ചിനീയറുടെ അക്കൌണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനതു വരവായ പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. നിക്ഷേപ പ്രവൃത്തികൾക്കായി അനുവദിച്ച തുക പ്രവൃത്തി പൂർത്തീകരിക്കാതെ തന്നെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണത്തിന് പ്രോ. നം. 294/23 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 3, ചെലവു തുക 2,80,000/- രൂപ (സി.എഫ്.സി. ഫണ്ട്)

8. ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത അക്കൌണ്ടുകളിലെ നീക്കിയിരിപ്പുകൾ, ബാങ്ക് ഇടപാടുകൾ പരിശോധിക്കാനായില്ല.

| അക്കൌണ്ട് | വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|
| എസ്.ബി.ഐ. ഇപേമെന്റ് (36902707984) | 72277 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(എസ്.ബി.ഐ. ഇപേമെന്റ്) | 9763 |
| ജോയിന്റ് വെൻചർ (799011400003097) | 21823 |
| ഇന്ത്യൻ ബാങ്ക് (റ്റി.എസ്.സി.) | 90 |

9. ഇൻകം & എക്സ്പന്റിച്ചർ പത്രികയിൽ ചെലവ് (20,70,18,274.00) വരവിലുമധികമായി (19,86,64,092.00) രേഖപ്പെടുത്തിയിരിക്കുന്നു. ഡിപ്രിസിയേഷൻ, ഡിമാന്റ് അഡ്ജസ്റ്റ്മെന്റ് എന്നീ എന്ട്രികൾ എക്സ്പന്റിച്ചർ ഭാഗത്ത് വരുന്നതു കൊണ്ടാണ് ചെലവ് കൂടി നിൽക്കുന്നത് എന്നു മറുപടി നൽകി.

10. സുലേഖ ചെലവു പത്രിക പ്രകാരം മെയിന്റനൻസ് റോഡിതരം ഫണ്ട് വരവ്/ചെലവ് 9149471/- രൂപയാണ്. പ്രസ്തുത തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (ഐ6 പ്രകാരമുള്ള വരവ് 7324317 + ബി3 പ്രകാരമുള്ള ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 1937519).

11. സുലേഖ ചെലവു പത്രിക പ്രകാരം കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ് തുകയുടെ ചെലവ് 13245538/- രൂപയാണ്. പ്രസ്തുത തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (ഐ6 പ്രകാരമുള്ള വരവ് 11897098 + ബി3 പ്രകാരമുള്ള ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 1453834).

12. ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃവിഹിതമിനത്തിലെ തൻവർഷ വരവ് 813379/- രൂപയാണ്. വിവിധ പദ്ധതികളിലൂടെ ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടുണ്ടെങ്കിലും (പ്രോ.നം. 21/23) വാർഷിക കണക്കുകളിൽ തുക ചെലവാക്കാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ പ്രസ്തുത തുക നീക്കിയിരിപ്പ് (822588/-)ആയി രേഖപ്പെടുത്തിയിരിക്കുന്നു.

13. വാർഷിക കണക്കുകൾ പ്രകാരമുള്ള ജി.എസ്.ടി. വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | മുന്നിരിപ്പ് (മുൻ വർഷ ബി 9 പ്രകാരം) | തൻവർഷം ലഭിച്ച തുക (ആർ.പി 35 പ്രകാരം) | തൻവർഷം ഒടുക്കിയ തുക (ആർ.പി 35 പ്രകാരം) | നീക്കിയിരിപ്പ് (തൻ വർഷ ബി 9 പ്രകാരം) |
|---|---|---|---|---|
| 350200208 TDS SGST | 13615 | 5437 | 0 | 40424 |
| 350200207 TDS CGST | 13615 | 5437 | 0 | 40424 |
| 350200206 SGST | 7522 | 5952 | 5952 | 5352 |
| 350200205 CGST | 7522 | 5952 | 10292 | 5352 |

14. 350200207 TDS CGST ഹെഡിൽ 40424/- രൂപ ഒടുക്കാനുള്ള തുകയായി ബുക്ക് ചെയ്തിട്ടുണ്ടെങ്കിലും

പ്രസ്തുത ഹെഡിൽ നേരിട്ടുള്ള ജി.എസ്.റ്റി. തുകകളും ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാ- ടെണ്ടർ ഫാറ വിലയിൽ നിന്നുള്ള ജി.എസ്.റ്റി.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് റിവൈസ്ഡ് ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് * | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 31.03.2022 | 22.02.2023 |
| ഭരണസമിതി തീരുമാനം | 1(1) | 1(1) |
| മുന്നിരിപ്പ് | ബജറ്റ് പകർപ്പ് ലഭ്യമാക്കിയില്ല | 17717510 |
| വരവ് | | 472730876 |
| ചെലവ് | | 483796764 |
| നീക്കിയിരിപ്പ് | | 6651622 |

* ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 31.03.2022 സാമ്പത്തിക വർഷത്തിൽ ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും, ബജറ്റ് പകർപ്പ് ഓഡിറ്റിനു ലഭ്യമാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനുവൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും, അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതുമാണ്. പദ്ധതിയിതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാനുവൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കാലയളവ് | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2021 ഡിസംബർ15 ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2022 ജനുവരി 15 ന് മുൻപ് | 2022 ജനുവരി മാസം |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2022 ജനുവരി 22 നു മുൻപ് | ക്ഷേമകാര്യം-14.2.23, വികസനം, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ചർച്ച |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടില്ല. |
| 4 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 ന് മുൻപ് | 14.07.2022 |
| 5 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1 ന് മുൻപ് | 19.03.2022 |
| 6 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 26.03.2022 |
| 7 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | | 31.03.2022 |

പദ്ധതികൾക്കു അംഗീകാരം നൽകി പദ്ധതി ചെലവു കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കേണ്ടത്. ബജറ്റിനു മുൻപായി വാർഷിക പദ്ധതികൾക്കു രൂപം നൽകാൻ സാധിക്കാത്ത സംഗതികളിൽ വാർഷിക പദ്ധതി അംഗീകാരം നേടുന്ന മുറയ്ക്കു ബജറ്റ് പുതുക്കേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പദ്ധതി ചെലവുകൾക്ക് ശരിയായ ഹെഡുകളിൽ തുക വകയിരുത്തിയിട്ടില്ല.

ബജറ്റ് പ്രകാരമുള്ള വിവിധ വരവു, ചെലവുകൾ യഥാർത്ഥ വരവു, ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ

വരവ്

| ഹെഡ് | റീവൈസ്ഡ് ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| 1501201 ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 50000 | 66131 |
| 1808001 മിസലേനിയസ് വരവ് | 125000 | 23108734 |

ചെലവ്

| ഹെഡ് | റീവൈസ്ഡ് ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| 220 ഭരണചെലവുകൾ | 3795000 | 14741995 |
| 230 സംരക്ഷണവും നടത്തിപ്പും | 1709420 | 4093443 |
| 2501001 | 0 | 55500 |
| 2501003 | 0 | 1313125 |
| 2501004 | 0 | 150000 |
| 2501005 | 0 | 400000 |
| 2501020 | 0 | 219199 |
| 2501023 | 0 | 672594 |
| 2501041 | 0 | 62500 |

പരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/10.11.2023) മറുപടി ലഭ്യമാക്കിയില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാത്തതു ശ്രദ്ധയിൽപ്പെടുത്തുന്നു. റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടും ബജറ്റിനുള്ളിൽ വരവു, ചെലവുകൾ നിയന്ത്രിക്കുന്നതിനും, ശരിയായ ഹെഡുകളിൽ തുക വകയിരുത്തുന്നതിനും ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 14564313.70 |
| ഓഡിറ്റ് വർഷത്തെ വരവ് | 95127510.00 |
| ആകെ | 109691823.70 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83120642.00 |
| നീക്കിയിരിപ്പ് | 26571181.70 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 19,86,64,092/- രൂപയും ചെലവ് 20,70,18,274/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22713889 | 22713889 | 28675591 | -5961702 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6075846 | 6075846 | 5832518 | 243328 |
| സി.എഫ്.സി. ടൈഡ് | 0 | 13838164 | 13838164 | 8807170 | 5030994 |
| സി.എഫ്.സി. അൺടൈഡ് | 0 | 5207000 | 5207000 | 4438368 | 768632 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 23433000 | 23433000 | 10831056 | 12601944 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 10274000 | 10274000 | 9149471 | 1124529 |
| CSS | 0 | 0 | 0 | 1273284 | -1273284 |
| SSS | 0 | 0 | 0 | 600000 | -600000 |

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവു പത്രിക, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ (5610514രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (1270200രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ

തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവു തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

**ചെലവ് വിശദാംശം**

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /സുലേഖ പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 28675591 | 22614749 |
| വികസനഫണ്ട് (എസ്.സി.പി) | 5832518 | 5044164 |
| സി.എഫ്.സി. (ടൈഡ്, അൺടൈഡ്) | 13245538 | 13346334 |
| മെയിന്റനൻസ് റോഡ് | 10831056 | 12345901 |
| മെയിന്റനൻസ് നോൺറോഡ് | 9149471 | 9261836 |

3) സി.എഫ്.സി. ഫണ്ട് മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് 9763228/- , വരവ് 13405455/-, നീക്കിയിരിപ്പ് 11736542/-).

4) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കു ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തിയിട്ടില്ല.

6) വികസന ഫണ്ടിന്റെ മൂന്നാംഗഡു അനുവദിച്ച സർക്കാർ ഉത്തരവ് നം 1049/23ധന തി- 13-2-23 ഖണ്ഡിക 4 പ്രകാരം പ്രകാരം സ ഉ (കൈ) 179/ 22 തിയ്യതി 18-10-22 ന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ എന്ന നിലയിൽ വികസന ഫണ്ടിന്റെ മൂന്നാംഗഡുവിൽ നിന്നും 1% കുറവു വരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട മൂന്നാം ഗഡുവിൽ നിന്നും 295550 രൂപ കുറവു ചെയ്തു പോയിട്ടുണ്ട്.

**7)** സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് |
|---|---|
| 320700204 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 680370 |
| 320700205 ജില്ലാ പഞ്ചായത്ത് വിഹിതം | 26048 |

**ചെലവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.**

ഗ്രാന്റ് വിനിയോഗത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/13.11.2023) സ്രോതസ്സിൽ നിന്നും സർക്കാർ ഈടാക്കിയിട്ടുള്ള തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടാത്തതു സാങ്കേതിക തകരാർ ആണെന്നും, സി.എഫ്.സി. ഫണ്ട് വാർഷിക കണക്കുകളുമായി തെറ്റു വരുത്താതെ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ പരിഹരിക്കേണ്ടതും, പദ്ധതി ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനു ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം

1) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക (രൂപ) | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) (രൂപ) | ലാപ്സായ തുക (രൂപ) |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 29101800 | 28675591 | 426209 |
| വികസനഫണ്ട് എസ്.സി.പി | 6864200 | 5832518 | 1031682 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 10274000 | 9149471 | 1124529 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 23433000 | 10831056 | 12601944 |
| **ആകെ** | **69673000** | **54488636** | **15184364** |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.

1)




2)




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 46 | 29 | 17 | 25691617 | 15241323 | 59.3 |
| ഹെഡ്മാസ്റ്റർ | 5 | 5 | 0 | 826520 | 684828 | 82.85 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 1600000 | 891564 | 55.72 |
| അസി. സെക്രട്ടറി | 16 | 12 | 4 | 4099929 | 2857885 | 69.70 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 8 | 6 | 2 | 7796219 | 3168697 | 40.64 |
| മെഡിക്കൽ ഓഫീസർ | 3 | 3 | 0 | 425044 | 376554 | 88.59 |

| | | | | | | |
|---|---|---|---|---|---|---|
| –ഹോമിയോ | | | | | | |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | 2 | 2 | 0 | 1525296 | 1525296 | 100 |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 15 | 14 | 1 | 3356167 | 2901814 | 86.46 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 17 | 3 | 77528814 | 19663490 | 25.36 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 15 | 0 | 8231500 | 7057130 | 85.73 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 135 | 80 | 55 | 56858677 | 24633293 | 43.32 |
| കൃഷി ഓഫീസർ | 9 | 9 | 0 | 2055125 | 1970529 | 95.8 |
| വെറ്റിനറി സർജൻ | 9 | 8 | 1 | 2150000 | 1143635 | 53.19 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 40499208 | 28675591 | 70 |
| എസ്.സി.പി. | 8346554 | 5832518 | 70 |
| ടി.എസ്.പി. | 0 | | |
| ധനകാര്യ കമ്മിഷൻ അവാർഡ് | 31510815 | 13245538 | 42 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3332400 | 1273284 | 38 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 39580000 | 600000 | 1.5 |
| തനത് ഫണ്ട് | 6615214 | 3612318 | 55 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 12874625 | 5314625 | 41 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 9797702 | 3014625 | 31 |
| മെയിന്റനൻസ് റോഡ് | 26413493 | 10831056 | 41 |
| മെയിന്റനൻസ് റോഡിതരം | 12264800 | 9149471 | 75 |
| മറ്റുള്ളവ | 97809067 | 24713379 | 25 |
| ആകെ | 289953975 | 106829417 | 37 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 285 | 202 | 83 | 192144908 | 82116038 | 42.73 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 പ്രകാരം ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 35ന് മറുപടി ലഭ്യമാക്കാത്തതിനാൽ ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 ബി1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു. 2022-23 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 9.12.22 ന് 34 പേർ പങ്കെടുത്ത യോഗം മാത്രമാണ് നടത്തിയിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതിയുടെ 2(1)/07.10.2021-ാം നമ്പർ തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ

രൂപീകരിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിൽ ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | പ്രാദേശിക സാമ്പത്തിക വികസനം | 19.01.2023 | അപ്പാരൽപാർക്ക് പേപ്പർ ബാഗ് | ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 35) മറുപടി ലഭ്യമായില്ല |
| 2 | മൃഗസംരക്ഷണം | 19.01.2023 | ടർക്കിക്കോഴി വളർത്തൽ | ” |
| 3 | കൃഷി | 24.01.2023 | കുറ്റിക്കുരുമുളക് കൃഷി | ” |
| 4 | പട്ടികജാതി വികസനം | 29.01.2023 | വനിതകൾക്ക് തയ്യൽ പരിശീലനം | ” |

സ്റ്റാറ്റസ് റിപ്പോർട്ട്

പരിഷ്കരിച്ച അവസ്ഥാരേഖ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 35 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | മത്സ്യമേഖല-ലഹരി ഉപയോഗം | ഗുരുതരം | കഠിനാദ്ധ്വാനം | ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 35) ന് മറുപടി ലഭ്യമായില്ല |
| 2 | സേവനം – കടൽക്ഷോഭം | അതീവ ഗുരുതരം | ജനസാന്ദ്രത | ” |

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് 2022-23 വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് 2022-23 വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ഉപയോഗിച്ച് 2022-23 വർഷം പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകുംവിധം ആവശ്യകതകൾ നിർണ്ണയിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ച് മാർഗ്ഗരേഖയും മറ്റ് സർക്കാർ ഉത്തരവുകളും പാലിച്ച് നിർവഹണം നടത്തി പദ്ധതി

പണം പാഴാക്കാതെ പദ്ധതി നടത്തിപ്പ് പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത മേൽ ഖണ്ഡികകളിൽ നിന്നും വ്യക്തമാകുന്നു. ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-2023 തീയതിയിൽ 12.49 എ.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2248/-(രണ്ടായിരത്തി ഇരുന്നൂറ്റി നാൽപ്പത്തി എട്ട് ) ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ക്ഷേമ പെൻഷനുകൾ.

(വാർഷിക കണക്കുകൾ പ്രകാരം)

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം * |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 3235200 | 214 |
| വിധവാ പെൻഷൻ | 10690000 | 888 |
| വാർദ്ധക്യകാല പെൻഷൻ | 31252600 | 2590 |
| വികലാംഗ പെൻഷൻ | 6851800 | 469 |
| വിവാഹ ധനസഹായം | 0 | 0 ** |
| അവിവിവാഹിതരായ 50 വയസ്സു കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ | 332800 | 21 |

* ട്രഷറി ബിൽ പ്രകാരം തൊഴിൽ രഹിത വേതമിനത്തിൽ 2880/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല.

** വിവാഹ ധനസഹായമിനത്തിൽ ഗ്രാമപഞ്ചായത്തിന് ബി ഫണ്ട് ലഭിച്ചിട്ടില്ലായെങ്കിലും വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 150000/- രൂപ ഗ്രാമപഞ്ചായത്ത് ചെലവ് ചെയ്തിട്ടുണ്ട്.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ കൂടുതൽ ജാഗ്രതയോടെ ഓഫീസ് പ്രവർത്തനം ആവശ്യമാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3.ഫ്രണ്ട് ഓഫീസിൽ ഫോമുകളുടെ രജിസ്റ്റർ ഉണ്ടെങ്കിലും,ആയത് പൂർണ്ണവും കാലികവുമല്ല.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

7) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

8) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

9) വിവിധ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-9-1 എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ടു - പൊരുത്തക്കേടുകൾ

എം.ജി.എൻ.ആർ.ഇ.ജി.എസ്. ഭരണചെലവുകളുടെ ഇടപാടുകൾക്കായി ഗ്രാമപഞ്ചായത്തിനു രണ്ടു അക്കൌണ്ടുകൾ നിലവിലുണ്ട്. പ്രസ്തുത അക്കൌണ്ടുകളിലെ വരവു ചെലവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| അക്കൌണ്ട് നം. 777431524 SBI വെന്റർ | | | | |
| വാർഷിക കണക്കുകൾ പ്രകാരം | 1496 | * | ** | 151323 |
| ക്യാഷ് ബുക്ക് പ്രകാരം | 1496 | 193766 | 43159 | 152103 |
| അക്കൌണ്ട് നം. 40733101057449 KGB അഡ്മിൻ | | | | |
| വാർഷിക കണക്കുകൾ പ്രകാരം | Nil | * | ** | 1959405 |
| ക്യാഷ് ബുക്ക് പ്രകാരം | Nil | 1391566 | 567956.50 | 823609.50 |

* ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് (വെന്റർ+ അഡ്മിൻ ഫണ്ട്) 1585332/- ആണെങ്കിലും റസീറ്റ്& പേമെന്റ്സ് (ആർ.പി. 30) ൽ വരവ് 27,20,348/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

** ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് (വെന്റർ+ അഡ്മിൻ ഫണ്ട്) 611115.50 ആണെങ്കിലും ഇൻകം &എക്സ്പന്റിച്ചർ (ഐ14 (എഫ്)) ൽ ചെലവ് 30140435/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

വർഷാവസാന നീക്കിയിരിപ്പുകൾ ക്യാഷ് ബുക്കും വാർഷിക കണക്കുകളുമമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

*** ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് ആകെ വരവ് (ഗുണഭോക്താക്കൾക്കു നേരിട്ടു കൈമാറുന്നത് + ഗ്രാമപഞ്ചായത്തിനു കൈമാറുന്നത്) 2,99,66,000/- രൂപയാണ്. ഇതിനു പുറമേ ബാങ്ക് പലിശയിനത്തിൽ 8314/- രൂപയും ലഭിച്ചിട്ടുണ്ട്. എന്നാൽ ഇൻകം & എക്സ്പെന്റിച്ചറിൽ വരവ് തുക (ഐ6) 3,09,14,673/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/16.11.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-9-2 എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൌണ്ടിലെ വർഷാവസാന നീക്കിയിരിപ്പ് '0' ആക്കിയിട്ടില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ട് വിനിയോഗം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും, ബാങ്ക് ബാലൻസുകൾ 'സീറോ' ആയി നിലനിറുത്തേണ്ടതുമുണ്ട്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്കൌണ്ട് ബാലൻസ് 21,10,728/- രൂപയാണ്. എന്തൊക്കെ ആവശ്യത്തിനുള്ള തുകയാണ് നീക്കിയിരിപ്പായി നിലനിറുത്തിയിട്ടുള്ളത് എന്നത് വ്യക്തമല്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/16.11.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-9-3 എസ്റ്റിമേറ്റിലും അധികനിരക്കിൽ തുക അനുവദിച്ചു - 20164/- രൂപ തടസ്സം ചെയ്യുന്നു

പ്രോ.നം. 1614003/IC/338539 ചെമ്പനവിള കനാലിന്റെ വശങ്ങൾ കയർ ഭൂവസ്ത്രം കൊണ്ട് ബലപ്പെടുത്തൽ

ഭരണാനുമതി - 161400103/2019-2020/58728/AS Dtd 22.02.2020

സാങ്കേതികാനുമതി - 161400103/2019-2020/58728/TS Dtd 22.02.2020

എം. ബുക്ക് നം. - 155/19-20, 3/22-23

അടങ്കൽ തുക - 425000/-

സാങ്കേതികാനുമതി ലഭ്യമായ മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം 2700 ചമീ. വിസ്തീർണ്ണത്തിൽ 71.662 രൂപ നിരക്കിൽ ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. പ്രവൃത്തിക്കായി സ്വീകരിച്ച കയർ ഭുവസ്ത്രത്തിന്റെ അളവ്, പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയ ഭൂവസ്ത്രത്തിന്റെ അളവ് തുടങ്ങിയവ മേറ്റ്, എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ എം ബുക്കുകൾ പ്രകാരം 2205.75 ചമീ വിസ്തീർണ്ണത്തിലാണ് ജിയോ ടെക്സ്റ്റൈൽസ് വിരിച്ചിട്ടുള്ളത്. ആയതിലേക്ക് അനുവദിക്കാവുന്ന പരമാവധി തുക 1,58,068/- ( 2205.75X 71.662) രൂപയാണ്. എന്നാൽ മെറ്റീരിയൽ എഫ്.റ്റി.ഒ. നം. 0121EATPAYREQ2306202216407പ്രകാരം കയർ ഫെഡിനു 1,78,232/- രൂപ അനുവദിച്ചിട്ടുണ്ട്. എം ബുക്ക് പ്രകാരമുള്ള അളവിലും അധികമായി തുക അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.58/18.11.2023) മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച തുകയുടെ ചെലവ് 20164/- (1,78,232 – 1,58,068) രൂപ തടസ്സം ചെയ്യുന്നു.

## 1-9 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ * | 1496 | 2720348 | 2721844 | 30140435 | 2110728 * |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് ** | 0 | 28194325 | 28194325 | രേഖപ്പെടുത്തിയിട്ടില്ല | 0 |

* വാർഷിക ധനകാര്യ പത്രിക ബി.4 പ്രകാരം നീക്കിയിരിപ്പ് 151323/- ആണ്. എന്നാൽ ബി.17 പ്രകാരം ഇൻഡ്യൻ ബേങ്ക് (450210101) – 1512323/-, കേരള ഗ്രാമീൺ ബേങ്ക് 1959405/- എന്നിങ്ങനെ ആകെ 2110728/- ഉം ഉണ്ട്. നീക്കിയിരിപ്പ് വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഡിസംബർ 2021 | 2020-21 | ഡിസംബർ 2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.06.2018 മുതൽ 16.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | 10.07.2018 |

## 1-11 നികുതി വരുമാന ശേഖരണം - വിവരങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശസ്വയം ഭരണ(എ.എ)വകുപ്പിന്റെ 22/12/2022-ലെ എ.എ3/45/2022 തസ്വഭവ നമ്പർ കത്ത് അനുസരിച്ചും, സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 11/7/2023-ലെ ഡി.കെ.എസ്.എ.3683/2019നമ്പർ ഉത്തരവ് പ്രകാരവും ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകികൊണ്ട് ടാക്സ് ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യക്കുന്നതിനായി ചുവടെ ആവശ്യപ്പെടുന്ന വിവരങ്ങൾ അന്വേഷണകുറിപ്പ് 1/9.11.2023പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കുകയോ,അന്വേഷണകുറിപ്പിന് ഗ്രാമപഞ്ചായത്ത് മറുപടി നൽകുകയോ ചെയ്തില്ല.

<u>ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം</u>

**1.** സ.ഉ.(അച്ചടി) 25/2023 /തസ്വഭവ ,തിയതി 5/4/2023 പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി സ്വീകരിച്ചതായ വിവരവും ആയത് അനുസരിച്ച് പഞ്ചായത്ത് ഭരണസമിതി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതായ രേഖയോ പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുംഉണ്ടായിട്ടില്ല.

**2.** ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിക്കുകയോ ആയത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയതായികാണുന്നില്ല.

**3.**കെട്ടിട നികുതി,തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ ക്യാമ്പ് കളക്ഷൻ, നോട്ടീസ് നൽകൽ ,റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടനികുതിയിനത്തിൽ കൂടിശ്ശികയായി 758776/-രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത കൂടിശ്ശിക തുക പരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ക്രിയാത്മക നടപടികൾ ശുപാർശചെയ്തിട്ടില്ലായെന്ന് മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

**4.** 01.04.2023 മുതൽ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്തിന്റെ വിവരം ലഭ്യമല്ല.

5. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി പിരിവ് പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങൾ ചേർന്ന് നടപടികൾക്ക് ശുപാർശ ചെയ്തിട്ടില്ല.

<u>വസ്തുനികുതി</u>

**1.** 2022-23സാമ്പത്തികവർഷത്തിൽ 100% വസ്തുനികുതി പിരിവ് കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതിയുടെ പിരിവ് ഊർജിതമല്ല.

**2.** ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി.ലേയും വാർഷിക ധനകാര്യ പത്രികയിലേയും വസ്തുനികുതി ബാലൻസ് പൊരുത്തപ്പെടുന്നില്ല. E-payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**3.** മേഖലാ വിഭജനം സംബന്ധിച്ച പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയോ, റോഡ് മാപ്പ് തയ്യാറാക്കി സഞ്ചയയിൽ അപ് ലോഡ് ചെയ്യുകയോ ചെയ്തിട്ടില്ല.

**4.** തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലായെന്ന് ഉറപ്പുവരുത്തിട്ടില്ല.

**5.**പഞ്ചായത്തിൽ നിലവിൽ ഏതൊരു സേവന ഉപനികുതി ചുമത്തുകയോ, പുതിയ സേവന നികുതി മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

**6.** ഉദ്യോഗതല ഫീൽഡ് പരിശോധന നടത്തി കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്ക് ടാക്സ് റിവിഷൻ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

**7.** തദ്ദേശ സ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർചാർജ് ഈടാക്കുന്നതിന്റെ വിവരവും ലഭ്യമല്ല.

**8.** കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒരേ ഫയലിൽ സൂക്ഷിക്കുന്നില്ല.

**തൊഴിൽനികുതി**

**1.**തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതായി ബോധ്യപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. റേഷൻവ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മരാമത്ത് കരാറുകാർ എന്നിവരിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

**2.** തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത് എന്നത് വ്യക്തമല്ല. തൊഴിലുടമ നല്കുന്ന നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

**3.** ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രെയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലൈസൻസ് നൽകുന്ന വഴി പൂർണ്ണതോതിൽ വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധ്യമാകുന്നില്ല.

**4.** ഇൻഡോർ ക്ലബ്, ടർഫ് കോർട്ട്, സ്റ്റേഡിയങ്ങൾ, കേബിൾ ,ടി.വി.നെറ്റ് വർക്ക്, പ്രദർശന വിപണന മേള എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുവാനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ല.

**5.** പഞ്ചായത്തിന് സ്വന്തമായ ആസ്തികളുടെ ഭൗതിക പരിശോധന നടത്തി കാലികമായ ആസ്തി രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിലെ നികുതി ഉൾപ്പടെയുള്ള വിഭവശേഖരണം 100% ആക്കുന്നതിന് പഞ്ചായത്ത് നടപടികൾ ഊർജിതമാക്കേണ്ടതാണ്. തനത് ഫണ്ടിന്റെ വിവരങ്ങൾ ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കാത്തത് ഭരണസമിതി ചർച്ച ചെയ്യേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 സഞ്ചയ അപാകതകൾ പരിഹരിക്കപ്പെടുന്നില്ല.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിട നികുതി ഈടാക്കുന്നതിലെ അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല. വിശദ വിവരം

ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിശദാംശം |
|---|---|---|
| 2020-21 | 1-11-3 | 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല |
| | 1-11-1 | ഒരേ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന കടമുറികളെ വ്യത്യസ്ഥ മേഖലകളാക്കി കാണിച്ചുകൊണ്ട് നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. |
| 2021-22 | 1-11-1 | 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല |
| | 1-11-2 | നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു . |
| | 1-11-3 | വസ്തു നികുതിയിലെ ഇളവ് -അപാകതകൾ |
| | 1-12 | മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. |

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്കുമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/10.11.2023) മറുപടി ലഭ്യമാക്കിയില്ല. 2011-ലെ കേരള പഞ്ചായത്തരാജ് ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും,1994-ലെ കേരള പഞ്ചായത്തരാജ് നിയമം 207-ാം വകുപ്പ് പ്രകാരവും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും വസ്തുനികുതി ചുമത്തേണ്ടത് സെക്രട്ടറിയുടെ നിയമാനുസൃത ചുമതലയാണ്. കൂടാതെ സഞ്ചയയിൽ നികുതി ഇളവ് നൽകാത്ത എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തിയെന്ന് ഉറപ്പുവരുത്തണം. 1994-ലെ കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234 (3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് ഉത്തരവ് ഉള്ളതിനാലും, 2007-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും, ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽ പരമായ ബന്ധവും പെരുമാറ്റവും )ചട്ടങ്ങൾ 8 (1)പ്രകാരം പഞ്ചായത്തിന്റെ ഫണ്ട്, ആസ്തി, വിഭവങ്ങൾ എന്നിവ സംരക്ഷിക്കുന്നതിലും വിനിയോഗിക്കുന്നതിലും തെരഞ്ഞെടുക്കപ്പെട്ട അധികാരിയ്ക്കും ഉത്തരവാദിത്വം ഉള്ളതിനാലും ഓഡിറ്റ് പരാമർശത്തിലെ സഞ്ചയ സോഫ്റ്റ്വെയറിലെ അപാകതകൾ പരിഹരിക്കേണ്ടതും പഞ്ചായത്തിന് തനത് ഫണ്ട് വരുമാനം ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്. സഞ്ചയയിലെ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് 100%കെട്ടിട നികുതി കളക്ട് ചെയ്ത് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികിതി പിരിച്ചെടുത്തിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല.

| വാർഡ് / കെട്ടിട നം. | പേര് | വസ്തു നികുതി ഈടാക്കാത്ത വർഷങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|
| 1/276 A | ATC ടെലികോം | 2021 മുതൽ 2023 വരെ | 21994/- |
| 1/448 | ഹവ്വാബീവി | 2023 | 7393/- |
| 4/110 | ഭാരതി എയർടെൽ | 2021 മുതൽ 2023 വരെ | 15949/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/10.11.2023) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-14 വാണിജ്യ കെട്ടിടത്തിന് തെറ്റായ നികുതി നിർണയം നടത്തി.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഒന്നാം വാർഡിലെ 291-ാം നം. കെട്ടിടം (തറ വിസ്തീർണ്ണം 138.2ച.മീ) 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തിനെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി 30/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിരിക്കുന്നു. തറ വിസ്ത്രീർണ്ണം 138.2 ച.മീ ആയതിനാൽ അടിസ്ഥാന വസ്തു നികുതി നിരക്ക് 50/- രൂപ നിരക്കിൽ ആണ് ഡിമാന്റ് ചെയ്യേണ്ടിയിരുന്നത്. ഈ അപാകതയ്ക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/15.11.2023) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം 2013 ആദ്യപകുതി മുതൽ നഷ്ടപ്പെട്ട വസ്തുനികുതി (അടിസ്ഥാനനികുതി-50/- രൂപ നിരക്കിൽ) ആയതിന്റെ 40% വർദ്ധനവ് ഉൾപ്പടെ (15% തറനിർമ്മിതിയ്ക്കും, 5% ലൈബ്രറി സെസ്സ്) ഈടാക്കിയും സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും രേഖകൾ സഹിതം അറിയിക്കാത്ത പക്ഷം 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് പ്രതിപാദിക്കുന്നതിനാൽ നഷ്ടപ്പെട്ട തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-15 വരവുകൾ ശരിയായ ഹെഡുകളിൽ വരവു വയ്ക്കുന്നില്ല

വാർഷിക കണക്കുകൾ 180800199 മിസലേനിയസ് റസീറ്റ്സ് ഹെഡിൽ 2,31,04,084/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് അക്കൌണ്ടികളിൽ നേരിട്ടു ലഭ്യമായ തുക ഏതൊക്കെ ഇനത്തിലെ വരവാണെന്നത് വിശദീകരിച്ചിട്ടില്ല. പകരം മിസലേനിയസ് ഹെഡിൽ ബുക്ക് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. ലഡ്ജർ പ്രകാരമുള്ള . വിശദാംശങ്ങൾ ചുവടെ.

| വൌച്ചർ ഇനം | വൌച്ചർ നം | വരവു തുക | വരവു വിവരം |
|---|---|---|---|
| റസീറ്റ് വൌച്ചർ | 1220106004 | 150000 | ഡയറക്ടലി ക്രെഡിറ്റെഡ് ടു ബാങ്ക് നം.222/31.03.2023 |
| റസീറ്റ് വൌച്ചർ | 1220106005 | 38 | ഡയറക്ടലി ക്രെഡിറ്റെഡ് ടു ബാങ്ക് നം.2222/31.03.2023 |
| റസീറ്റ് വൌച്ചർ | 1220106009 | 306804 | ഡയറക്ടലി ക്രെഡിറ്റെഡ് ടു ബാങ്ക് നം.3333/31.03.2023 |
| റസീറ്റ് വൌച്ചർ | 1220106018 | 567898 | ഡയറക്ടലി ക്രെഡിറ്റെഡ് ടു ബാങ്ക് നം.432423/31.03.2023 |
| റസീറ്റ് വൌച്ചർ | 1220106022 | 6760000 | ഡയറക്ടലി ക്രെഡിറ്റെഡ് ടു ബാങ്ക് നം.322/31.03.2023 |

| | | | |
|---|---|---|---|
| റസീറ്റ് വൌച്ചർ | 1220106024 | 9320000 | ഡയറക്ടലി ക്രെഡിറ്റെഡ് ടു ബാങ്ക് നം.3432/31.03.2023 |
| ജേണൽ വൌച്ചർ | 42201218 | 6224343 | എമൗണ്ട് പെയബിൾ ടു അദർ ക്രഡിറ്റേഴ്സ് |

(മേൽ തുകയിൽ നിന്നും 224999/- രൂപ 171100101 ഇന്ററസ്റ്റ് ഫ്രം ബാങ്ക് അക്കൗണ്ട്സ് ഹെഡിലേക്ക് ജേണൽ ചെയ്തിട്ടുണ്ട്).

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ബാങ്ക് ബുക്കുകൾ ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഓരോ മാസവും പൊരുത്തപ്പെടുത്തി അക്കൗണ്ടിന്റെ യഥാർത്ഥ നീക്കിയിരുപ്പിലെത്തേണ്ടതാണ്. വരവുകൾ യഥാസമയം ശരിയായ ഹെഡിൽ ബുക്ക് ചെയ്യേണ്ടതാണ്. മേൽ തുകകളുടെ വരവുകൾ ഏതൊക്കെ ഹെഡിലേതാണെന്ന് വ്യക്തമാക്കേണ്ടതും, തുടർ വർഷങ്ങളിലെ വാർഷിക കണക്കിൽ ക്രമപ്പെടുത്തി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-16-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ആകെ 32 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത കരാറുകാർ എല്ലാം തന്നെ വർഷങ്ങളായി കോൺട്രാക്ടർ ലൈസൻസുള്ളവരാണെന്ന് മരാമത്ത് പ്രവൃത്തി ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈസൻസ് പകർപ്പുകളിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 1 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16-2 തൊഴിൽ നികുതി -പൂർണ്ണ നിരക്കിൽ അടച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട ഇന്ത്യൻബാങ്ക് കരുംകുളം എന്ന സ്ഥാപനം, ഒന്നാം അർദ്ധവർഷം ,9 ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ 7706 രൂപയും, 1250രൂപ സ്ഥാപന തൊഴിൽ നികുതിയും അടച്ചിട്ടുണ്ട്.എന്നാൽ ടി സ്ഥാപനം രണ്ടാംഅർദ്ധവർഷം സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയോ, ജീവനക്കാരുടെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി എന്നിവ അടയ്ക്കകയോ ചെയ്തിട്ടില്ല.ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നം26.ന് മറുപടി ലഭ്യമായില്ല. ടി സ്ഥാപനത്തിൽ നിന്ന് പൂർണ്ണ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി -അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-17-1 മുഴുവൻ വളർത്ത് നായ്ക്കൾക്കും ലൈസൻസ് അനുവദിച്ച് നൽകേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 551 നായ്ക്കളുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 50നായ്ക്കൾക്ക് ലൈസൻസ് ഉള്ളതായും പറയുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 71 വളർത്തുനായകൾക്ക് 2022-23 ൽ ലൈസൻസ്

നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. വളർത്തു നായ്ക്കൾക്ക് ലൈസൻസ് അനുവദിച്ച് നൽകുന്നതിൽ സംഭവിച്ച കുറവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 42 ,തീയതി : 16.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ടിലെ പട്ടിക 3 ,ക്രമ നം. 27 പ്രകാരം വളർത്തു നായ്ക്കൾക്ക് ലൈസൻസ് അനുവദിച്ച് നൽകുക ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ള വിഷയമാണ്. മുഴുവൻ വളർത്ത് നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17-2 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടുണ്ടോ, സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019 ലെ (സി.എസ്) എ 9-764/2019-ാം നമ്പർ ത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, സെതാഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നോ ഗ്രാമ പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകൾ ഉണ്ട് പ്രസ്തുത റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 42 ,തീയതി : 16.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17-3 കശാപ്പ്ശാലകൾക്ക് ലൈസൻസ് നൽകേണ്ടതും നിയമാനുസൃതമായ പരിശോധനകൾ നടത്തേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് ( കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും , ഇറച്ചിക്കട ചില്ലു വച്ച് മറച്ചതും ഈച്ച പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസ്, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കട കൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/സെജ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം .1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം . 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ ആകെ ഇറച്ചിക്കടകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അവയ്ക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും, കൂടാതെ ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി , ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 42 ,തീയതി : 16.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17-4 വാണിജ്യ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ

**പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതാണ്**

സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച് നൽകിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 597 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 49 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 1 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 32 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 55 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 8 |
| | ആകെ | 742 |

സഞ്ചയപ്രകാരം 108 പേർക്കാണ് 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. 5 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും ഇതോടൊപ്പം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലൊഴികെ മറ്റ് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 46, തീയതി : 16.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തുകയും പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-17 ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

2022-23 വർഷത്തെ ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-18 കെട്ടിടങ്ങൾ ക്രമപ്പെടുത്തുന്നതിലും രജിസ്റ്ററുകളുടെ പരിപാലനത്തിലും കെട്ടിട നിർമ്മാണ നടപടി ക്രമങ്ങളിലെയും അപാകതകൾ- തുടർനടപടി അനിവാര്യം.

സഞ്ചയ പ്രകാരം പഞ്ചായത്തിൽ അനധികൃത കെട്ടിടങ്ങളുടെ പട്ടികയിൽ 2560കെട്ടിടങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ചുവടെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 16.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.- 47 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235 ഡബ്ലിയു പ്രകാരം അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ

ചെയ്യാവുന്നതുമാണ്. ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് ബിൽഡിംഗ് (Regularisation Of Unauthorised Construction) ചട്ടങ്ങൾ 2018 – ചട്ടം 6(17) പ്രകാരം കോമ്പൗണ്ടിംഗ് ഫീസിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചട്ടം 6(18) പ്രകാരം അനധികൃത നിർമ്മാണം സംബന്ധിച്ച് ഒരു സ്ഥിര രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ അപേക്ഷകന്റ മേൽവിലാസം, സർവ്വേ നം, ഒക്യുപൻസി, നിലകളുടെ എണ്ണം, തറ വിസ്തീർണം, ചട്ട ലംഘനത്തിന്റെ തരം, അനുമതി ലഭിച്ചതിന്റെയും കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 2022-23വർഷത്തിൽ Coastal Regulation Zone ൽ പാർപ്പിടാവശ്യത്തിനായി നിർമ്മാണ പ്രവർത്തനം നടത്തുകയും ആയവക്ക് താത്കാലിക നമ്പർ അനുവദിക്കുകയും ചെയ്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. സർക്കുലർ നം. 29342/ ആർ.എ. 1/ 2014/ ത.സ്വ.ഭ.വ തീയതി 19.05.2014 പ്രകാരം

A. അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്. ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

B. അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ്ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

C. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഓരോ മാസത്തിന്റെയും അവസാന ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ടി നിർദ്ദേശം പാലിച്ചിട്ടില്ല.

D. 2022-23വർഷത്തിൽ നമ്പർ നൽകിയ ആകെ കെട്ടിടങ്ങളുടെ എണ്ണവും അപ്രകാരം നൽകിയതിൽ ക്രമവത്ക്കരണം നടത്തി നൽകിയവ എത്രയെന്നുമുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 2022-23വർഷത്തിൽ വസ്തു നികുതി എഴുതിതള്ളിയ കെട്ടിടങ്ങളുടെ വിവരങ്ങളും, രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഉദ്യോഗതലത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ നിയമാനുസ്യതം തയ്യാറാക്കേണ്ടതും ആയത് കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

കൂടാതെ 2022-23 വർഷത്തിൽ നമ്പറിംഗ് നൽകിയിട്ടുള്ള പാർപ്പിടം/ വാണിജ്യആവശ്യ കെട്ടിടങ്ങളുമായി (അംഗീകൃത) ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ പരിശോധനക്കായി ലഭ്യമാക്കുന്നതിനായി 17.11.2023തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.- 56 ക്ക് മറുപടിയോ ആവശ്യമായ രേഖകളോ ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു.

കരുംകുളം പഞ്ചായത്തിൽ ആകെ 18 വാർഡുകളാണുള്ളത്. അതിൽ 13 വാർഡുകളും കടൽ തീരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഭരണസമിതിയുടെ 16/06/2022 തീയതിയിലെ തീരുമാനം 1 മുതൽ 20 വരെ കടൽതീരദേശ പുറമ്പോക്കിൽ പാർപ്പിടാവശ്യത്തിനായി നിർമ്മിച്ച വീടുകളുടെ നമ്പറിംഗിനായി ലഭിച്ച അപേക്ഷകളിൻമേൽ 04/06/2012-ലെ തദ്ദേശ സ്വയം ഭരണ (ആർ എ) വകുപ്പ് സ. ഉ. (എം എസ്) നം 149/2012/തസ്വഭ പ്രകാരം ടി നിർമ്മാണത്തിന് യു എ നമ്പർ അനുവദിച്ചു നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം എടുത്തിട്ടുണ്ട്. ഇപ്രകാരം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പരിശോധിച്ചതിൽ 2022-23 ൽ Coastal Regulation Zone ൽ പാർപ്പിടാവശ്യത്തിനായി നിർമ്മാണ പ്രവർത്തനം നടത്തിയ 85 കെട്ടിടങ്ങൾക്ക് തീരദേശ പരിപാലന നിയമ ലംഘനം ഉണ്ടായിട്ടും യു എ നമ്പർ അനുവദിച്ചു നൽകുിയിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ (ആർ എ) വകുപ്പ് സ. ഉ. (എം എസ്) നം 149/2012/തസ്വഭ, തീയതി 04/06/2012,

പ്രകാരം 100 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് താല്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നതിനും, തദ്ദേശ സ്വയം ഭരണ (ആർ എ) വകുപ്പ് സ. ഉ. (എം എസ്) നം 170/2016/തസ്വഭ, തീയതി 16/11/2016 പ്രകാരം 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു എ നമ്പർ നൽകി റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഭരണ സമിതി ഇത്തരത്തിൽ തീരുമാനമെടുക്കുമ്പോൾ മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് തീരദേശ പരിപാലന നിയമ ലംഘനം ഉണ്ടായിട്ടുള്ളതുൾപ്പെടെയുള്ള അനധികൃത വാസഗൃഹങ്ങൾക്ക് താത്കാലിക നമ്പർ നൽകുന്നത്. എന്നാൽ CRZ നിയമം സെൻട്രൽ ഗവൺമെന്റ് പരിധിയിൽ വരുന്ന നിയമമായതിനാൽ ഇത്തരം നിയമ ലംഘനങ്ങൾ നടത്തുന്ന നിർമ്മിതികൾക്ക് മേൽ പ്രതിപാദിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അനുവാദം നൽകുന്നത് ക്രമ വിരുദ്ധമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. (സ.ഉ(സാ.ധാ)530/2020/lsgd, 3.3.2020 പ്രകാരം CRZ നിയമ ലംഘനമുള്ള സമാനവിഷയം തീരുമാനമെടുക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണൽ ഉപദേശത്തിനായി റഫർ ചെയ്തിട്ടുണ്ട്). ആയതിനാൽ കരുംകുളം പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ സ്ഥിതി സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽപെടുത്തി പരിഹാരം തേടണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-19 വരവു ഫയലുകൾ/രേഖകൾ പരിശോധനക്കു ലഭ്യമായില്ല.

150120102 റസീറ്റ്സ് ഫ്രം സെയിൽ ഓഫ് സ്ക്രാപ്പ് ഹെഡിൽ 66131/- രൂപ വരവു രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വരവുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07/10.11.2023) മറുപടി/രേഖകൾ ലഭ്യമാക്കിയില്ല. പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് 2022-23 വർഷത്തെ ഘടക സ്ഥാപന മേധാവികളായ നിർവ്വഹണ അധികാരികളുടെ പേരുവിവരം, സേവനകാലയളവ് എന്നിവ ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി വിവരങ്ങളുടെ ആധികാരിക അവലംബമായ ഇൻകംബൻസി രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടോ എന്ന് ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.59) ന് മറുപടി നൽകിയില്ല. നിർവ്വഹണ അധികാരികളുടെ പേരുവിവരം, സേവനകാലയളവ് എന്നിവ അടങ്ങിയ ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-21 പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം ഫലപ്രദമല്ല.

2022-23 വർഷം,കരുംകുളം ഗ്രാമപഞ്ചായത്തിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ, സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1) വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യുർമെന്റ് ടീം രൂപീകരിച്ചില്ല.

2022-23 വർഷം നഗരസഭയുടെ പ്രൊക്യൂർമെന്റ് കമ്മിറ്റി ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് എന്ന് മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു.10/1/23 ൽ കൂടിയ ടി യോഗത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ നാലു പ്രോജക്ടുകളിൽ ഉൾപ്പെടുത്തി, ലാപ്ടോപ്, യു.പി.എസ്, ഹരിതകർമ്മസേനയ്ക്കു വാഹനം എന്നിവ വാങ്ങാൻ

തീരുമാനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതല്ലാതെ മറ്റൊരു രേഖപ്പെടുത്തലും മിനുട്സിൽ ഇല്ല.2022-23 വർഷം നടത്തിയ വാങ്ങൽ പദ്ധതികളുടെ ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ കമ്മിറ്റി പരിശോധിക്കുകയോ വാങ്ങലിന് അംഗീകാരം നൽകുകയോ ചെയ്തിട്ടുള്ളതായി കണ്ടില്ല. വരും വർഷങ്ങളിൽ പ്രൊക്യൂർമെന്റ്കമ്മിറ്റി പ്രവർത്തനം ഫലപ്രദമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം. ,പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 1 | 352,സ്കൂളുകൾക്ക് ഫർണിച്ചർ | ഹെഡ്മാസ്റ്റർ | 199520 |
| 2. | 229,SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | അസിസ്റ്റന്റ് സെക്രട്ടറി | 539850 |
| 3 | വയോജനങ്ങൾക്ക് കട്ടിൽ | അസിസ്റ്റന്റ് സെക്രട്ടറി | 134614 |
| 4. | 225,SC വിദ്യാർത്ഥികൾക്ക് മേശയും കസേരയും | അസിസ്റ്റന്റ് സെക്രട്ടറി | 194700 |

## 1-22 വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-24000 രൂപ തടസ്സപ്പെടുത്തുന്നു.

സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28/5/2022പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖ.7.6.7 പ്രകാരം വരുമാനപരിധിയ്ക്ക് വിധേയമായി വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകാവുന്നതാണ്. പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി നടപ്പിലാക്കാവുന്നതാണ്. വരുമാന പരിധിയ്ക്ക് വിധേയമായി ഗുണഭോക്തക്കളെ തെരഞ്ഞെടുക്കണം. 367/2023 നമ്പർ ആശ്വാസ്-"വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം" എന്ന പദ്ധതി പഞ്ചായത്ത് വിഭാവനം ചെയ്തത് ഡി.പി.സി. അംഗീകാരം നേടിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളിലും പ്രവർത്തനങ്ങളിലും പദ്ധതി നിർവഹണം ജില്ലാ പഞ്ചായത്തിനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതിയുടെ പേര് | (ആശ്വാസ് -വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം) |
| അടങ്കൽതുക | 24000രൂ. (തനതുഫണ്ട്) |
| ചെലവ് | 24000രൂ. (തനതുഫണ്ട്) |
| നിർവഹണോദ്യോഗസ്ഥ | സെക്രട്ടറി |
| ചെക്ക് നമ്പർ | 758609/31-3-23 |

ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കാതെ ജില്ലാ പഞ്ചായത്തിന് തുക കൈമാറിയിരിക്കുന്നു.

2.പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് തുക നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

3.ജനറൽ കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

4.ഗുണഭോക്താക്കൾ പഞ്ചായത്തിൽസമർപ്പിച്ച അപേക്ഷകൾ ഫയലിൽ ലഭ്യമല്ല.

5..മാർഗ്ഗരേഖ അനുസരിച്ച് വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം എന്ന പദ്ധതി ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും നേരിട്ട് മെഡിക്കൽ ആഫീസർ മുഖേന നടപ്പിലാക്കേണ്ടതാണ്. എന്നാൽ പദ്ധതിയ്ക്കായി തുക കൈമാറാൻ ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ പദ്ധതി ജില്ലാ പഞ്ചായത്തിനെ നിർവഹണം നടത്താൻ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് രേഖപ്പെടുത്തിയിട്ടില്ല.

6.സംയുക്ത പദ്ധതിയായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ തീരുമാനം എടുക്കുന്നതിന് ജില്ലാ വകുപ്പ് മേധാവികളുടെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്തയോഗം ജില്ലാ ആസൂത്ര സമിതി വിളിച്ച് കൂട്ടേണ്ടതാണ്. എന്നാൽ ആയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

7..വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സ.ഉ.(കൈ)84/2022/തസ്വഭവ തിയതി 19/4/2022 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ 3.5.4(5)പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ അപ്രകാരം കരാർ ചമച്ചതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.

8..18/9/2022-ൽ തദ്ദേശസ്വയംഭരണ (ഡി എ)വകുപ്പ് ഡി.എ.1/151/2022 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയവ വഴി ധനസഹായം ലഭിക്കുന്നവരെ ഒഴിവാക്കി പഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി നിർവഹണോദ്യോഗസ്ഥന് നൽകേണ്ടതാണ്. പ്രസ്തുത പട്ടിക ഗ്രാമസഭകൾ നിർബന്ധമായും അംഗീകരിച്ചിരിക്കണം. എന്നാൽ ഗ്രാമസഭകൾ അംഗീകരിച്ച പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

9.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
ഗുണഭോക്തൃ ലിസ്റ്റ്, വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭിക്കാത്തതിനാൽ പദ്ധതിയുടെ ആനുകൂല്യം ഗ്രാമപഞ്ചായത്തിലെ എത്രപേർക്ക് ലഭിച്ചുവെന്ന് കണ്ടെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും, ഗുണഭോക്തൃലിസ്റ്റും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാത്തതിനാൽ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് നൽകിയ24000 രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി അനുസരിച്ച് തുക ജില്ല പഞ്ചായത്തിന് നൽകിയതിനുള്ള സർക്കാർ സാധൂകരണവും, മോണിറ്ററിംഗ് റിപ്പോർട്ടും, ഗുണഭോക്തൃലിസ്റ്റും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടാതണ്.

## 1-23 വാഹന പരിപാലനം-അപാകങ്ങൾ

1) മഹീന്ദ്ര ബൊലേറോ നം. KL-20-E-9741 ആണ് ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം. ടി വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.
1) വാഹനത്തിന്റെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിട്ടില്ല. ആയതിനാൽ വാഹനത്തിന്റെ ഇന്ധന ഉപഭോഗം നിയന്ത്രണോദ്യോഗസ്ഥൻ എങ്ങനെ നിരീക്ഷിച്ചു എന്ന് വ്യക്തമല്ല.

2) സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11- 1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ അല്ല ലോഗ് ബുക്ക് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടുള്ളത്. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. മിക്ക മാസങ്ങളിലും ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

3) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം- 1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ, സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തീയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്) നം.170/07/തസ്വഭവ തീയതി 30-06-2007 പ്രകാരം ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച മുൻ അർദ്ധ വർഷത്തെ വാഹനം സംബന്ധിച്ച വരവ് ചെലവ് കണക്കുകളുടെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) ലോഗ് ബുക്കിന്റെ വലതു ഭാഗത്തുള്ള ഫ്യുവൽ അക്കൗണ്ട് പൂരിപ്പിക്കുകയോ, വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ, വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ആയതു സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6) ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ്, പൊലൂഷ്യൻ ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 - ന് ലഭ്യമാക്കിയ മറുപടിയിൽ ടി അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-24 ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് നം.SO.215/23-”ഹരിത സഹായ സ്ഥാപനത്തിന് നടത്തിപ്പു തുക”എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി,Academy For Mountaineering And Adventure Sports എന്ന സ്ഥാപനത്തിന് 2022-23 വർഷം വിവിധ ബില്ലുകളിലായി ആകെ 320388 രൂപ നല്കിയിട്ടുണ്ട്. പ്രസ്തുത തുകക്ക് സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ട്. സ്ഥാപനം ജി.എസ്.ടി. ബാദ്ധ്യത ഉൾപ്പെടുന്നതാണോ എന്നതും വിവിധ ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ഈടാക്കാത്തതിന്റെ കാരണവും വിശദീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.
പദ്ധതിയുടെ അടങ്കൽ തുക 326999/- രൂപ
ചെലവ് തുക 320388/- രൂപ

| ക്രമ നം. | ഇൻവോയ്സ് നം.തീയതി | തുക (രൂപ) |
|---|---|---|
| 1 | AMAS/HSS/223/22,dtd.5/5/22 | 26699 |
| 2 | AMAS/HSS/224/22,dtd.5/6/22 | 26699 |
| 3 | AMAS/HSS/225/22,dtd.5/7/22 | 26699 |
| 4 | AMAS/HSS/226/22,dtd.5/8/22 | 26699 |

| | | |
|---|---|---|
| 5 | AMAS/HSS/227/22,dtd.5/9/22 | 26699 |
| 6 | AMAS/HSS/228/22,dtd.5/10/22 | 26699 |
| 7 | AMAS/HSS/229/22,dtd.5/11/22 | 26699 |
| 8 | AMAS/HSS/230/22,dtd.5/12/22 | 26699 |
| 9 | AMAS/HSS/231/22,dtd.5/1/23 | 26699 |
| 10 | AMAS/HSS/245/22,dtd.5/2/23 | 26699 |
| 11 | AMAS/HSS/246/22,dtd.5/3/22 | 26699 |
| 12 | AMAS/HSS/247/22,dtd.5/4/22 | 26699 |
| | ആകെ | 320388 |

എന്നാൽ ടി സ്ഥാപനത്തിന് നൽകിയ ബിൽ തുകയുടെ (നികുതി ഒഴിവാക്കി) 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല.ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നം.9 ന് മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ വാങ്ങലുകൾ നടത്തുമ്പോൾ മേല്പറഞ്ഞ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. 29.03.2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2022-'23 വർഷം ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകളിൽ പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | നിർവ്വഹണ ഉദ്യോഗസ്ഥ |
|---|---|---|
| 1 | SO 86,കളപ്പുരകെട്ടിയ പുരയിടം-ബീച്ച് റോഡ് മെയിന്റനൻസ് | അസി.എഞ്ചിനീയർ |
| 2 | SO 87, താഴെ വീട്ടുവിളാകം പുരയിടം നടപ്പാത | അസി.എഞ്ചിനീയർ |
| 3 | SO 64,LSGDഓഫീസിനു കംപ്യൂട്ടർ | അസി.എഞ്ചിനീയർ |
| 4 | SO -105,അംഗൻവാടി വൈദ്യുതീകരണം | സെക്രട്ടറി |
| 5 | SO -106, കൾച്ചറൽ സെന്റർ വൈദ്യുതീകരണം | സെക്രട്ടറി |
| 6 | SO 48, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് | ഫിഷറീസ് ഓഫീസർ |
| 7 | SO -107,അംഗൻവാടി വൈദ്യുതീകരണം | സെക്രട്ടറി |

സ.ഉ.(കൈ) നം.17/2018.ത.സ്വ.ഭ.വ. തീയതി.02.02.2018. ഖ.10 ൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നടത്തിപ്പ് വ്യക്തമാക്കുന്നുണ്ട്. നടപ്പിലാക്കാത്ത മേൽ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. ഇവയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ വകയിരുത്തി ഏറ്റെടുത്ത പദ്ധതികളുടെ ഫണ്ടുകൾ പാഴാകാനുള്ള സാധ്യതയുണ്ട്. ഓഡിറ്റ് അന്വേഷണം -19/2023 പ്രകാരം ഈ വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടും,പൂർണ്ണമായ മറുപടി ലഭ്യമാക്കിയില്ല.സ്പിൽ ഓവർ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വെള്ളക്കരം-കുടിശ്ശിക പരിഹരിക്കാൻനടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് പ്രതിമാസം 78138 -രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നത്. ആകെ 162 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. എന്നാൽ KWA യുടെ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റു ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2023ഫെബ്രുവരി മാസത്തെ ബിൽ പ്രകാരം,Closing Balance As On 31/1/23-995793 രൂപയും, Demand For The Month - 78138 രൂപയും , ഫൈൻ- 19562 രൂപയും ചേർത്ത് ആകെ Amount Payable- 1093493 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, പ്രതിമാസ വെള്ളക്കരമായ 78138 രൂപ മാത്രമേ KWA യ്ക്ക് നല്കിയിട്ടുള്ളു.ഈവിധം ഭീമമായ കുടിശ്ശിക വരാനുള്ള സാഹചര്യം വിശദമാക്കാനും, ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻKWAമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാനും,ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.ആറു പൊതു ടാപ്പുകൾ ഒഴിച്ച്ബാക്കിയുള്ളവ നിർത്തലാക്കാൻ ആവശ്യപ്പെട്ട്KWAക്ക് 2/6/23 ലെ SC1-987/23നം കത്ത് നല്കിയിട്ടുള്ളതായി ഫയലിൽ കാണുന്നു.ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് കുടിശ്ശിക പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2022-23 വർഷം കരുംകുളം ഗ്രാമ പഞ്ചായത്ത് വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEB,KWA, എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ, വിവിധ പദ്ധതികൾക്കുള്ള പഞ്ചായത്ത് വിഹിതമായി വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.16)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി.

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | തുക (രൂപ) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 159,പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 149890 | സെക്രട്ടറി. |
| 2 | 22,പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 1188488 | സെക്രട്ടറി. |
| 3 | 294,കുടിവെള്ള പൈപ്പ്ലൻ ദീർഘിപ്പിക്കൽ | KSEB | 280000 | സെക്രട്ടറി. |
| 4 | 146,DPCമന്ദിരം -പഞ്ചായത്തുവിഹിതം | DPC | 350000 | “ |
| 5. | 141-SSA വിഹിതം | SSA | 1265000 | “ |
| 6. | 140-പാഥേയം | CDS | 576000 | അസിസ്റ്റന്റ് സെക്രട്ടറി. |

ടി പ്രവൃത്തികൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

സ.ഉ (കൈ) നം.84/2022/തസ്വഭവ,തീയതി 19/4/2022 നമ്പർ ഉത്തരവിലെ ഖ.12-2-Dപ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ

നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ആശ്രയ-ചെലവഴിക്കാതെ അവശേഷിക്കുന്ന തുകതിരികെ ഈടാക്കണം

| | |
|---|---|
| പദ്ധതിയുടെ പേര് | ആശ്രയ |
| പദ്ധതി നമ്പർ | 139/23 |
| പദ്ധതി അടങ്കൽ | 200000 രൂപ(വികസനഫണ്ട്) |
| പദ്ധതി ചെലവ് | 200000 രൂപ(വികസനഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |

ദരിദ്രരായ വയോജനങ്ങൾക്ക് അതിജീവന ആവശ്യങ്ങൾക്കായി രൂപീകരിച്ച ടി പദ്ധതിയുടെ നിർവ്വഹണ എജൻസി CDS ആണ്.പദ്ധതി പ്രകാരം CDS ന് കൈമാറിയ 200000രൂപയിൽ 129387 രൂപയുടെ വിനിയോഗ രേഖകൾ ഓഡിറ്റ് എൻക്വയറി.നം.11 നുള്ള മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന തുക, 70613 രൂപ സൂക്ഷിച്ചിട്ടുള്ള CDS ബാങ്ക് പാസ് ബുക്കിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ(സാധാ)നം.1751/22 തസ്വഭവ തീയതി 21/07/2022 ന്റെ അടിസ്ഥാനത്തിൽ ഉചിതമായ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-29 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 368/23 |
| പദ്ധതി അടങ്കൽ | 450000/- രൂപ (വികസന ഫണ്ട് എസ്സിപി) |
| പദ്ധതി ചെലവ് | 440000/- രൂപ (വികസന ഫണ്ട് എസ്സിപി) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം. | 557/20.03.2023<br>590/24.03.2023 |

മേൽ പദ്ധതി പ്രകാരം പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും പഠിക്കുന്ന ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന കോഴ്സ് പരിഗണിച്ച് സ്കോളർഷിപ്പ് നൽകിയിരിക്കുന്നു. എന്നാൽ പ്രോജക്ട് ഫയൽ, ബന്ധപ്പെട്ട ട്രഷറി ബില്ലുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. താഴെ പറയുന്ന വിദ്യാർത്ഥികൾ പ്രഫഷണൽ ബിരുദ കോഴ്സിനാണ് പഠിക്കുന്നത്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | ാപനം |
|---|---|---|---|
| 1 | ചന്തു .A.L | LLB | കേരള ലോ അക്കാഡമി |
| 2 | നിത്യാ മധുസൂദനനൻ | B-Arch | CAT |
| 3 | രശ്മി .R.S | LLB | കേരള ലോ അക്കാഡമി |

ടി വിദ്യാർത്ഥികൾക്ക് ജി.ഒ. (എം.എസ്) 115/2022/ത.സ്വ.ഭ.വ. തീയതി 28-5-22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7-2-4 പ്രകാരം അർഹമായ പ്രതിവർഷ സ്കോളർഷിപ്പ് തുക 25000/- രൂപയാണ്. എന്നാൽ ടി വിദ്യാർത്ഥികൾക്ക് 30000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. അധികമായി നല്കിയ തുക തിരികെ ഈടാക്കുന്നതാണ് എന്നു് ഓഡിറ്റ് എൻക്വയറിക്ക് (നം.6) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അധികമായി നല്കിയ തുക തിരികെ ഈടാക്കി, വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-30 വിവിധ പ്രവർത്തികളുമായി ബന്ധപ്പെട്ട് ഭരണസമിതി നിർദേശിച്ച നടപടികളുടെ തുടർ വിവരം അറിയിക്കേണ്ടതാണ്.</u>

1. പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന ഗോതമ്പുറോഡിന്റെ പുനർ നിർമ്മാണത്തിന്റെ ഭാഗമായി കരുംകുളം ഗ്രാമപഞ്ചായത്തിൽ 10 -ാം വാർഡിൽ തോട്ടം പുരയിടം തീരദേശറോഡിന് സമീപം പഞ്ചായത്തിന്റെ അപ്രോച്ച് റോഡിനുമുകളിൽ നിർമ്മാണത്തിനാവശ്യമായ കല്ല് ഇറക്കി ആയത് ജെ.സി.ബി, Ajax എന്നിവ ഉപയോഗിച്ച് മിക്സ് ചെയ്യുകയും ചെയ്തിരുന്നു.പഞ്ചായത്തിനെ അറിയിക്കുകയോ, അനുമതി വാങ്ങുകയോ ചെയ്യാതെ അണ് ഇപ്രകാരമുള്ള പ്രവൃത്തി ചെയ്തത് എന്നും, ഇത് കാരണം അപ്രോച്ച് റോഡിനും ബീം കോൺക്രീറ്റിനും ഓടയ്ക്കും സാരമായ കേടുപാടുകൾ സംഭവിച്ചതായും, കരുംകുളം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റോഡിനും, ഓടയ്ക്കും സംഭവിച്ച കേടുപാടുകൾ പ്രവൃത്തി എറ്റെടുത്ത് നടത്തുന്ന കരാറുകാരന്റെയോ ,പൊതുമരാമത്ത് വകുപ്പിന്റെയോ ,ചെലവിലും ഉത്തരവാദിത്വത്തിലും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് കരുംകുളം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി 15/02/2022 ൽ ഭരണസമിതി യോഗം തീരുമാനിച്ചു.

ടി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 38, തീയതി : 16.11.2023) ലഭ്യമാക്കിയ മറുപടിയിൽ, റോഡിന്റെ ഓടക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിച്ചുണ്ടെന്നും പൊതു മരാമത്ത് വകുപ്പിന്റെ ഭാഗത്ത് നിന്നുമുണ്ടായ കേടുപാടുകൾ പ്രസ്തുത വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. ഓടക്കുണ്ടായ കേടുപാട് മാത്രമാണ് പരിഹരിച്ചതായി പറയുന്നത്. റോഡിന്റെയും, ബേം കോൺക്രീറ്റിന്റെയും കാര്യങ്ങൾ മറുപടിയിൽ പരാമർശിച്ചിട്ടില്ലാത്തതാകുന്നു. ഭരണ സമിതി തീരുമാന പ്രകാരം, പൊതു മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പരിഹാരം തേടേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. പ്രോ.നം.120/22- കുട്ടിവിളാകം പുരയിടം അപ്രോച്ച് റോഡ് (വാർഡ്-16), പ്രോ.നം.125/22- പള്ളികെട്ടിയ പുരയിടം അപ്രോച്ച് റോഡ്(വാർഡ്-18), പ്രോ.നം.126/22- പുതിയതുറ പുരയിടം അപ്രോച്ച് റോഡ് എക്സ്റ്റൻഷൻ (വാർഡ്-18) എന്നീ പദ്ധതികളുടെ പ്രവൃത്തികൾക്കായി ശ്രീ. രാജേന്ദ്രൻ.എസ് എന്ന കരാറുകാരനുമായി വച്ചിട്ടുള്ള എഗ്രിമെന്റ് ക്യാൻസൽ ചെയ്യുന്നതിനും, ടെൻഡറിൽ രണ്ടാമത് വന്ന കരാറുകാരനെ ഉപയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുവാനും നഷ്ടം ശ്രീ. രാജേന്ദ്രൻ.എസ് എന്ന കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനും കമ്മറ്റി തീരുമാനിച്ചു. ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ എ.ഇ(എൽ.എസ്.ജി.ഡി)യെ ചുമതലപ്പെടുത്തി 27/08/2022 ഭരണസമിതി യോഗം തീരുമാനിച്ചു.

ഇതിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 38, തീയതി : 16.11.2023 ) ലഭ്യമാക്കിയ മറുപടിയിൽ, കരാറുകാരനായ ശ്രീ. രാജേന്ദ്രൻ.എസ് ൽ നിന്നും സെക്യൂരിറ്റി തുക മടക്കി നൽകിയിട്ടില്ലെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിലെ തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ഓടനിർമ്മാണ പ്രവർത്തിയിൽ ഫോംവർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്നു-ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം 211/22-23, പാലോട്ടുവിള ഡിപ്പോ റോഡ് റീ ടാറിംഗ്, ഓട, നിർമ്മാണം എന്ന പ്രവൃത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം 211/22-23, പാലോട്ടുവിള ഡിപ്പോ റോഡ് റീ ടാറിംഗ്, ഓട നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | വിനീത് രാജ് |
| എം ബുക്ക് നം. | ഇ എം ബുക്ക്,Order No. LSGD/CELSGD/EST-TS-7957/2022, 13,10,000/- |
| ക്വാട്ട് ചെയ്ത തുക | 1109235/-, Cost Index 35.59% |
| ഫണ്ട് | MF(R)- 1 |
| ബിൽ നം. | 603/27.3.2023, 333860/-<br>546/20.3.23, 924970/- |

ടി പ്രവൃത്തിയിൽ 11.1.1.1. പ്രകാരം 63x 1 X .8 എന്ന അളവിൽ ഓടക്കായി എസ്കവേഷനും, 11.4.1.1 PCC 63x 1 X .1 അളവിൽ PCC യും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തികളിൽ എസ്കവേഷൻ നടത്തിയ ഇതേ നീളത്തിലും വീതിയിലും 10 Cm കനത്തിൽ Pcc Bed Concrete ചെയ്തിട്ടുണ്ട്. Specification 11.4.1.1 ൽ ഫോം വർക്ക് ഉൾപ്പെടുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ എസ്കവേഷൻ ചെയ്ത അതേ അളവിൽ തന്നെ Bed Concrete ചെയ്യാനുള്ള സാഹചര്യവും വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 40, തീയതി : 16.11.2023) ലഭ്യമാക്കിയ മറുപടിയിൽ Specification 11.4.1.1 ൽ ഫോംവർക്ക് ഉൾപ്പെടുന്നില്ല എന്നും എസ്കവേറ്റ് ചെയ്ത ഫുൾ വീതിയിൽ പി.സി.സി നൽകിയാൽ മാത്രമെ അടിസ്ഥാനം ഉറപ്പുള്ളതാവുകയുള്ളൂ എന്നും ആയതിനാലാണ് ഫുൾ വീതിക്ക് ബെയ്സ് കോൺക്രീറ്റ് നൽകിയത് എന്നും വിശദീകരിച്ചിട്ടുണ്ട്.എന്നാൽ Specification 11.4.1.1 ൽ ഫോം വർക്ക് ഉൾപ്പെടുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Specification 11.4.1.1

| | | | | | |
|---|---|---|---|---|---|
| Meterial | | | | | |
| M -005 | Course Sand At Site (Cum) | .4800 | 1453.77 | 697.81 | M1 |
| M-081 | Cement (Tonne) | .25 | 5032.24 | 1258.06 | M2 |
| M-358 | 40 Mm Aggregate (Cum) | .576 | 1412.79 | 813.77 | M3 |
| M-359 | 20 Mm Aggregate (Cum) | .288 | 1453.77 | 418.69 | M4 |
| M-360 | 10 Mm Aggregate (Cum) | .096 | 1453.77 | 139.56 | M5 |
| Labour | | | | | |
| L-11 | Mason | .1 | 738 | 73.8 | L1 |
| L-12 | Mate | .08 | 617 | 49.36 | L2 |
| L-21 | Bhisti | .27 | 617 | 166.59 | L3 |
| L-29 | Mazdoor | 1,63 | 558 | 909.54 | L4 |
| Tools & Palnts | | | | | |
| P & M-146 | Mixer(hour) | 04 | 100 | 40 | T1 |
| Additional Charges | | | | | |
| Tcode | **Other Charges @ 4%(form Work)** | .04 | 4567.18 | 182.69 | A1 |

| | | | | | |
|---|---|---|---|---|---|
| | (M1+M2+M3+M4+M5+L+L2+L3+L4+T1) | | | | |
| | Add Overhead 10 % (474.99) + Add CP 10% (522.49) + Add CI 35.59 % (2045.48) Unit Total | 1 | | 4749.87 | |
| | Add CP & OH & Cost Index (35.93 %) | | | **7792.83** | |

എസ്കവേറ്റ് ചെയ്ത വീതിയിൽ തന്നെ ബെയ്സ് പി.സി.സി നടത്തുമ്പോൾ അതിൽ ഇരുവശത്തും ഫോം വർക്ക് നടത്തുന്ന അളവ് കുറവ് വരുത്തേണ്ടതാണ്. അല്ലെങ്കിൽ നിർമ്മാണത്തിനു ഉദ്ദേശിക്കുന്ന വീതിയെക്കാളും കൂടുതൽ വീതിയിൽ എസ്കവേഷൻ നടത്തിയതിനു ശേഷം ഫോം വർക്ക് നടത്തി ആവശ്യമായ അളവിൽ കോൺക്രീറ്റ് ബെയ്സ് പി.സി.സി ചെയ്യാവുന്നതാണ്. അപ്രകാരം ഇവിടെ ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിലും ഈ കാര്യങ്ങൾ വിശദീകരിച്ചിട്ടില്ലാത്തതാകുന്നു. ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 83/22-23- Road Mapping എന്ന പ്രേജക്റ്റിനെ സംബന്ധിക്കുന്ന വിവങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം., പേര് | പ്രോജക്റ്റ് നം. 83/22-23- Road Mapping |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ഫണ്ട് | Own Fund |
| അടങ്കൽ | 54000 |
| ചെലവ് | 37800 |
| ബിൽ നം. | 42/17.8.2022, 37800/- |

ടി പ്രോജക്റ്റിന്റെ കരാറിൽ റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ ഹാർഡ്കോപ്പി ഹാജരാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 39, തീയതി : 16.11.2023) ലഭ്യമാക്കിയ മറുപടിയിൽ റോഡുകളുടെ വെരിഫിക്കേഷൻ കഴിഞ്ഞ് കോപ്പി ഫയലിൽ സൂക്ഷിക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-33 റൂഫിംഗ് പ്രവർത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ നൽകി - 17,640/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 50/22-23, ബാഡ്മിന്റൻ കോർട്ട് നവീകരണം എന്ന പ്രോജക്റ്റിൽ റൂഫ് നിർമ്മാണത്തിലേക്കായി GI പൈപ്പുകൾ ഉപയോഗിച്ച് Post സ്ഥാപിക്കുന്ന പ്രവർത്തിക്ക് DAR 10.16.1 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്.

പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം. 50/22-23, ബാഡ് മിന്റൻ കോർട്ട് നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | സജി |
| എം ബുക്ക് നം. | എം ബുക്ക് 408/20-21 |
| അടങ്കൽ/ചെലവ് | 298315/298245 |

| | |
|---|---|
| കാട്ട് ചെയ്ത തുക | 4463366/- (0.001 % Below) Cost Index 37.93%, DSR 2016 |
| ഫണ്ട് | Own Fund |
| ബിൽ നം | 43/17.8.2022, 2,98,245/- |

ടി റൂഫിംഗ് പ്രവൃത്തികളിൽ ജി.ഐ പൈപ്പുകൾ (65 Mm) ഉപയോഗിച്ച് പില്ലറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളിൽ DAR 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.).... നിരക്കാണ് (124.48/kg) നൽകിയിട്ടുള്ളത്.

DAR 10.16.1 ഇനം Tie Beam, Rafter,members.welding By Electric Plant എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്. തറയിൽ ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾക്ക് DAR 10.1 നിരക്ക് നൽകിയാൽ മതിയാകുന്നതാണ്.സമാനമായ വിവിധ പ്രവൃത്തികളിൽ DAR 10.1 നിരക്കാണ് നൽകിയിട്ടുള്ളത്. (ഉദാ. 1 219/22 220/22). ഇത്തരത്തിൽ ഉയർന്ന നിരക്ക് നൽകിയതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകായറിക്ക് (<u>ഓഡിറ്റ് എൻകായറി നം.- 39,</u> തീയതി : 16.11.2023) ലഭ്യമാക്കിയ മറുപടിയിൽ, ടി പ്രവൃത്തിയിൽ സ്ഥാപിച്ച പില്ലറുകൾക്ക് അഞ്ചു മീറ്റിൽ അധികം ഉയരം ഉണ്ടെന്നും, ആയതിനാൽ സിംഗിൽ സെക്ഷൻ അല്ലാതെ Steel Beam, Struct, Tie എന്നിവ ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചതിനാലാണ് DAR 10.16.1. എന്ന ഇനം നൽകിയത് എന്നും വിശദീകരിച്ചിട്ടുണ്ട്.

ജി.ഐ പൈപ്പുകൾ തറയിൽ സ്ഥാപിക്കുക, അതിനു മുകളിൽ റൂഫിംഗിനാവശ്യമായ Purlin, Rafter തുടങ്ങിയവ ഉപയോഗിച്ച് Structure നിർമ്മിക്കുക എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് പൊതുവായാണ് ഈ എസ്റ്റിമേറ്റിൽ DAR 10.16.1 എന്ന ഇനം നൽകിയിരിക്കുന്നത്. GI പൈപ്പുകൾ ഉപയോഗിച്ച് തൂണുകൾ നിർമ്മിച്ച് കോൺക്രീറ്റ് ഉപയോഗിച്ച് ടി തൂണുകൾ തറയിൽ ഉറപ്പിച്ചതിനു ശേഷം അതിൽ മേൽക്കൂര നിർമ്മാണം നടത്തി ഷീറ്റ് ഇട്ടിട്ടിട്ടുണ്ട്. ആയത് 17.11.2023ൽ നടത്തിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതും, അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാകുന്നു. DAR 10.16.1 ഇനം Tie Beam, Rafter, Members. Welding By Electric Plant എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നൽകുന്ന നിരക്കാണ്. തറയിൽ ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾക്ക് DAR 10.1 നിരക്ക് (80.62/kg) നൽകിയാൽ മതിയാകുന്നതാണ്. ഇപ്രകാരം പൈപ്പുകൾ തറയിൽ ഉറപ്പിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്തതിന് എംബുക്ക് പ്രകാരം തുക (1.8m3) അനുവദിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ തൂണുകൾ കോൺക്രീറ്റ് ഉപയോഗിച്ച് തറയിൽ ഉറപ്പിക്കുന്ന പ്രവർത്തിയിൽ വെൽഡിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആവശ്യമായി വരുന്നില്ല.ആയതിനാൽ ടി പ്രവൃത്തിക്ക് DAR 10.1 എന്ന നിരക്ക് നൽകിയാൽ മതിയാകുന്നതാണ്. കൂടാതെ ടി തൂണുകൾക്ക് മുകളിൽ നടത്തുന്ന റൂഫിംഗ് നിർമ്മാണ പ്രവൃത്തികൾക്ക് DAR 10.16.1 എന്ന നിരക്കുമാണ് അനുവദനീയമായിട്ടുള്ളത്.ഇപ്രകാരമാണ് സമാനമായ മറ്റ് റൂഫിംഗ് പ്രവർത്തികളിലും നിർവ്വഹണം നടത്തിയിരിക്കുന്നത്.ആയതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല.

<u>അനുവദിച്ച നിരക്ക്</u>

എം ബുക്ക് പേജ് 2 പ്രകാരം 65 Mm GI Pipe Post ന് ഉപയോഗിച്ചത് = 314.76 Kg (12 Nos.x4.3 M Lengthx6.1 Kg/meter)

എം ബുക്ക് പേജ് 11,19 പ്രകാരം 65 Mm GI Pipe Post ന് ഉപയോഗിച്ചത് = 87.84 Kg (12 Nos.x1.2 M Lengthx6.1 Kg/meter)

ആകെ : 402.6 Kg

അനുവദിച്ച തുക 402.6 Kg X 124.48 = 50,115.65/-

DAR 10.1 * പ്രകാരം അനുവദിക്കാവുന്ന തുക 402.6 Kg X 80.62 = 32,457.61

അധികം നൽകിയ തുക = 17,658/- (50115.65 – 32457.61)

ടെൻഡർ കുറവ് (0.001 % -17.66) = 17,640/- രൂപ

ഇത്തരത്തിൽ അധികം നൽകിയ 17640/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ടി വിഷയത്തിൻ മേൽ കൂടുതൽ വിശദീകരണം/മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതും ചെലവ് നിരാകരിക്കുന്നതുമാണ്.

* DSR 2016 DAR 10.1 -58.45 + Cost Index 37.93 %

## 1-34 റോഡ് കോൺക്രീറ്റിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി- 13,035/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം 211/22-23, പാലോട്ടുവിള ഡിപ്പോ റോഡ് റീ ടാറിംഗ്, ഓട, നിർമ്മാണം എന്ന പ്രോജക്റ്റിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം. 211/22-23, പാലോട്ടുവിള ഡിപ്പോ റോഡ് റീ ടാറിംഗ്, ഓട, നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | വിനീത് രാജ് |
| എം ബുക്ക് നം. | ഇ എം ബുക്ക്,Order No. LSGD/CELSGD/EST-TS-7957/2022, 13,10,000/- |
| കാട്ട് ചെയ്ത തുക | 1109235/-, Cost Index 35.59% |
| ഫണ്ട് | MF(R)- 1 |
| അടങ്കൽ | 13,10,000/- |
| ചെലവ് | 12,58,830/- |
| ബിൽ നം. | 603/27.3.2023, 333860/-<br>546/20.3.23, 924970/- |

റീ ടാറിംഗ്, ഓട നിർമ്മാണം, റോഡ് കോൺക്രീറ്റ് പ്രവൃത്തിയാണ് ഈ പ്രോജക്റ്റിൽ നിർവ്വഹിച്ചിരിക്കുന്നത്. ടി പ്രവൃത്തിയിൽ, ഇരു വശവും ഉള്ള മതിലിനോട് ചേർത്ത് ഫോം വർക്ക് ഉൾപ്പെടുത്താതെ റോഡ് കോൺക്രീറ്റ് ചെയ്തതായി കാണുന്നു. ടി റോഡ് നിർമ്മാണത്തിൽ ഫോം വർക്ക് ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ള വിവരം 17.11.2023 ൽ നടത്തിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതും ആയത് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാകുന്നു. എസ്റ്റിമേറ്റ് പ്രകാരം (Spec 75.8.1) 39.235 M3 അളവിൽ കോൺക്രീറ്റ് റോഡ് 8306./m3 രൂപ നിരക്കിൽ ചെയ്തതിന് ആകെ 3,25,885.91/- രൂപ അനുവദിച്ചിട്ടുണ്ട്.

ടി പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റിന് നൽകിയ നിരക്കിൽ ഫോം വർക്ക് ഉൾപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ടി നിരക്ക് നൽകാനുള്ള കാരണം എന്നിവ വ്യക്തമാക്കുന്നതിനായി 17.11.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-55 നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ഇരുവശവും മതിലിനോട് ചേർത്താണ് കോൺക്രീറ്റ് ചെയ്തിരിക്കുന്നതെന്നും, Spec 75.8.1 ൽ ഫോം വർക്ക് ഉൾപ്പെടുന്നില്ല എന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ Spec 75.8.1 പ്രകാരമുള്ള നിരക്കിൽ ഫോംവർക്കിന് 4% തുക കൂടി ഉൾപ്പെടുന്നുണ്ട്. മറ്റെല്ലാ നിരക്കുകൾക്കു ശേഷം Other Charges എന്ന ഇനമായാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി ഇനത്തിന്റെ ഡാറ്റയിൽ നിന്നും ആയത് വ്യക്തമാണ്. ടി പ്രവൃത്തിയിൽ ഫോം വർക്ക് ഉൾപ്പെടുത്തേണ്ട ആവശ്യമില്ലായിരുന്നുവെങ്കിൽ, ആയതിന്റെ നിരക്ക് കുറച്ചുള്ള തുക കരാറുകാരന്

നൽകിയിൽ മതിയാകുമായിരുന്നു. ഇത്തരത്തിൽ ഫോം വർക്ക് ഒഴിവാക്കിയ തുക അനുവദിക്കാത്തതിനാൽ, കരാറുകാരന് അധികം തുക നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

ടി പ്രവർത്തിയിൽ അനുവദിച്ച തുക = 3,25,885.91/

അനുവദിക്കാവുന്ന തുക (3,25,885.91/ ന്റെ 4 % കുറച്ചുള്ള തുക) = 13,035/- രൂപ

ഇത്തരത്തിൽ അധികം നൽകിയ 13,035/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ടി വിഷയത്തിൻ മേൽ കൂടുതൽ വിശദീകരണം/മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയാകുന്നതും ചെലവ് നിരാകരിക്കുന്നതുമാണ്.

## 1-35 കരാർ വാഹന വാടകയിൽ നിന്നും ഈടാക്കേണ്ട നികുതി തുക 3,722/- രൂപ ഈടാക്കേണ്ടതാണ്-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 181/22, വാഹനം വാടകക്ക് എടുക്കൽ എന്ന പ്രോജക്റ്റിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് പേര്, നം | പ്രോജക്റ്റ് നം. 181/22,<br>വാഹനം വാടകക്ക് എടുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ഫണ്ട് | MF(NR) – 400000/-<br>തനത് ഫണ്ട് – 13500/- |
| അടങ്കൽ | 413500/- |
| ചെലവ് | 372158/- |
| ബിൽ നം. | 51/25.8.22, 28624, 59/1.9.22, 30418, 50/25.8.22, 32511, 92/20.9.22, 28000, 76/4.9.22, 28000, 116/10.10.22, 28000, 153/17.11.22, 31458, 184/12.12.22, 40420, 221/7.1.23, 30652, 491/6.3.22, 32875, 408/6.2.23, 28000, 594/24.3.23, 32200 |

Rate And Amount For Deduction Of TDS For Car Hire Charges Under Section 194C Of The Income Tax Act, 1961, പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്.ടി പ്രോജക്റ്റിൽ വാഹന വാടക ഇനത്തിൽ കരാറുകാരന് 3,72,158/- രൂപ അനുവദിച്ചിട്ടുണ്ട് എന്നാൽ ഇവിടെ കരാറുകാരനായ ശ്രീ.സത്യരാജൻ.ഡി ൽ നിന്നും ടി തുക ഈടാക്കിയതായി കാണുന്നില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 40, തീയതി : 16.11.2023) ലഭ്യമാക്കിയ മറുപടിയിൽ, നികുതി ഈടാക്കേണ്ടതില്ല എന്ന നിഗമനത്തിലാണ് അത് ഈടാക്കാതിരുന്നതെന്നും എന്നാൽ 2023-24 വർഷം മുതൽ നികുതി ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 2022-23 കാലയളവിൽ നികുതി ഇനത്തിൽ ഈടാക്കേണ്ട തുകയായ 3,722/-രൂപ (1 % Of 3,72,158/-) തുക ഈടാക്കി വവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 ടെൻഡർ ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് എന്ന പ്രോജക്റ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | പ്രോജക്റ്റ് നം. 49/22(S.O),<br>മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് |

| | |
|---|---|
| | ലാപ്ട്ടോപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് ഇൻസ്പെക്ടർ |
| ഫണ്ട് | വി.ഫ |
| അടങ്കൽ | 1368000/- |
| ചെലവ് | 1199640/- |
| ബിൽ നം. | 674/31.3.23, 1199640 |

കരുംകുളം ഗ്രാമപഞ്ചായത്ത് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുടെ 22/03/2022 തിയതിയിലെ EO/PLLAM/2021-22നമ്പർ കത്ത് പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തുന്ന മത്സ്യത്തൊഴിലാളി കളുടെ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങുന്ന പ്രോജക്ട്കളായ (2021-22 വർഷത്തിൽ) 235/2022, 204/2022 (ടി പ്രോജക്റ്റ് 49/22( S.O) ആയി 2022-23 ൽ നടപ്പിലാക്കി) ലെ BID തുറന്നപ്പോൾ പ്രോജക്ട് നമ്പർ 235/2022 ന് 12 സ്ഥാപനങ്ങൾ പങ്കെടുത്തുവെങ്കിലും ഒരു സ്ഥാപനം മാത്രമാണ് (Power CMS Technology) മാത്രമാണ് പദ്ധതി പ്രകാരമുള്ള തുക കാട്ട് ചെയ്തത് (37850/- രൂപ (1എണ്ണം)) ആയതിനാൽ GEM വഴി Sanction ഓർഡർ ലഭിക്കുകയും Work Order നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നമ്പർ 204/2022 8 സ്ഥാപനങ്ങൾ പങ്കെടുത്തുവെങ്കിലും ആരും തന്നെ പദ്ധതിപ്രകാരമുള്ള (38000/-രൂപ) കാട്ട് ചെയ്തിട്ടില്ല. ഏറ്റവും കുറവ് തുക കാട്ട് ചെയ്ത Sound Solutions (38314/-) എന്ന സ്ഥാപനത്തിന് ജെം (GEM) വഴി നെഗൊസിയേഷൻ നടത്തുന്നതിന് ഇമെയിൽ മുഖാന്തരം ബന്ധപ്പെട്ടപ്പോൾ 4 രൂപ മാത്രമാണ് കുറയ്ക്കുവാൻ കഴിയുന്നത് എന്ന് അറിയിച്ചു. മേൽ സാഹചര്യത്തിൽ ഒരേ Specification ഉള്ള ലാപ്ടോപ്പ് ആണ് രണ്ട് പദ്ധതികളിൽ ഉള്ളതിനാലും പ്രോജക്ട് നമ്പർ 204/2022 -ൽ പദ്ധതി തുകയ്ക്കകത്ത് BID ചെയ്തിട്ടുള്ളവർ ഇല്ലാത്തതിനാലും പ്രോജക്ട് നമ്പർ 235/2022 -ൽ ഏറ്റവും കുറവ് കാട്ട് ചെയ്തിട്ടുള്ള Power CMS Technology എന്ന സ്ഥാപനം പ്രോജക്ട് നമ്പർ 204/2022 പ്രകാരമുള്ള ലാപ്ടോപ്പും കൂടെ Supply ചെയുന്നതിനുള്ള അനുവാദം നൽകണമെന്ന് കാണിച്ച് 22/03/2022 തിയതിയിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച കത്ത് ഭരണസമിതി ചർച്ച ചെയ്തു രണ്ട് പദ്ധതികളിലും കൂടി 125 ലാപ്പ് ടോപ്പ് Power CMS Technology എന്ന സ്ഥാപനത്തിൽ നിന്നും നിയമാനുസ്യതമായി വാങ്ങുന്നതിന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് അനുമതി നൽകി ഭരണസമിതി തീരുമാനിച്ചു.

<u>അപാകത</u>

ലാപ്പ് ടോപ്പ് Power CMS Technology എന്ന സ്ഥാപനത്തിൽ നിന്നും നിയമാനുസ്യതമായി വാങ്ങുന്നതിന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് അനുമതി നൽകിയെങ്കിലും 2022-23 ൽ നടപ്പിലാക്കിയ പ്രോജക്റ്റ് നം. 49/22 ൽ പാഴൂർ ഐഡിയൽ സിസ്റ്റത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.. ആയതിനുള്ള കാരണവും, ടെൻഡർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 41 , തീയതി : 16.11.2023) ലഭ്യമാക്കിയ മറുപടിയിൽ, ഭരണ സമിതി തീരുമാന പ്രകാരം ലാപ്പ്ടോപ്പുകൾ വിതരണം നടത്തുന്നതിന് Power CMS Technology എന്ന സ്ഥാപനത്തിന് കരാർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം ലാപ്പ്ടോപ്പുകൾ വിതരണം നടത്തിയിരുന്നുവെന്നും എന്നാൽ ഫണ്ട് നൽകാത്തതിനാൽ ടി സ്ഥാപനം ലാപ്പ്ടോപ്പുകൾ തിരികെ എടുത്തുകൊണ്ട് പോയെന്നും തുടർന്ന് പുതിയതായി ടെൻഡർ ക്ഷണിച്ച് അതിൽ പങ്കെടുത്ത 12 സ്ഥാപനങ്ങളിൽ നിന്നും പാഴൂർ ഐഡിയൽ സിസ്റ്റത്തിൽ നിന്നും വാങ്ങൽ നടത്തിയെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ടി ടെൻഡർ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട ഫയലുകളോ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു. ആയതിനാൽ ടെൻഡർ നടപടിക്രമങ്ങളുടെ സുതാര്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ടെൻഡർ ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക തടസ്സപ്പെടുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യത ആയി മാറുകയും ചെയ്യുന്നതാണ്.

## <u>1-37 കരാർ സ്ഥാപനം വിതരണം നടത്തിയ ഗുണനിലവാരമില്ലാത്ത</u>

## സാധനങ്ങൾ ഉപയോഗിക്കുകയും സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്തില്ല

മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹണം നടത്തിയ 176/22, സബ്സെന്ററിൽതല NCD ക്ലിനിക് എന്ന പ്രോജക്റ്റിലെ അപാകതകൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 176/22, സബ്സെന്റർതല NCD ക്ലിനിക് |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |
| ഫണ്ട് | വി.ഫ |
| അടങ്കൽ | 150000/- |
| ചെലവ് | 150000/- |
| ബിൽ നം. | 654/29.3.23 – 80872, 517/17.3.23 – 10137<br>657/29.3.23 - 2714, 164/3.12.22 – 56277 |

ടി പ്രോജക്റ്റിൽ No.E/1464/2022/CHCP, 5.9.2022 പ്രകാരം ക്വട്ടേഷൻ വിവിധ വാങ്ങലുകൾക്കായി ക്ഷണിച്ചിരുന്നു. ടി ക്വട്ടേഷനിൽ Glucometer, Glucometer Strips, Digital Weighing Mechine, തുടങ്ങിയ ആറ് ഇനങ്ങൾ വാങ്ങുന്നതിനായാണ് ക്വട്ടേഷൻ ക്ഷണിച്ചത്. ആയതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 'Mediplatz Health Care' എന്ന സ്ഥാപനത്തിന് Glucometer, Glucometer Strips, Digital Weighing Mechine തുടങ്ങിയവയുടെ കരാർ ലഭിക്കുകയും സാധനം വിതരണം നടത്തുകയും ചെയ്തിരുന്നു. ആയവക്ക് ടി സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് ചുവടെ ചേർക്കുന്നു.

Glucometer - Rs. 224/peice

Glucometer Strips - Rs. 6.72/piece

Digital Weighing Mechine Rs. 850/piece

തുടർന്ന് മേൽപറഞ്ഞ ഉപകരണങ്ങളെ കൂടാതെ മറ്റു ചില ഉപകരണങ്ങളും കൂടി വാങ്ങൽ നടത്തുന്നതിനായി No.E/1464/2022/CHCP, 16.1.2023 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും 'ആറ്റംലൈഫ് ഹെൽത്ത് കെയർ' എന്ന സ്ഥാപനം കരാർ നേടുകയും സാധനങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി ക്വട്ടേഷനിൽ 'Mediplatz Health Care' എന്ന സ്ഥാപനം പങ്കെടുത്തിട്ടില്ലാത്തതാകുന്നു.

മേൽ പറഞ്ഞ ഉപകരണങ്ങൾക്ക് ആറ്റംലൈഫ് ഹെൽത്ത് കെയർ രേഖപ്പെടുത്തിയ നിരക്ക് ചുവടെ പറയുന്നു.

Glucometer - Rs. 436.8/peice

Glucometer Strips - Rs. 8.4/piece

Digital Weighing Mechine Rs. 1003/piece

ചുവടെ പറയുന്ന കാര്യങ്ങളിൻ മേൽ വിശദീകരണം ലഭ്യമാകുന്നതിനായി 16.11.2023തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 43 നൽകിയിരുന്നു.

1. ഒരേ പ്രോജക്റ്റിൽ ഒരേ ഇനം സാധനങ്ങൾ വിതരണം നടത്തുന്നതിനായി ഒന്നിലധികം തവണ ക്വട്ടേഷൻ ക്ഷണിക്കാനുള്ള കാരണം.

2. ആദ്യ കരാർ മുഖാന്തിരം വിതരണം നടത്തിയ ഉപകരണങ്ങൾക്ക് രണ്ടാമത്തെ ക്വട്ടേഷനിൽ ഉയർന്ന നിരക്കാണ് രേഖപ്പെടുത്തിയത്. ആയതിനാൽ ടി സാധനങ്ങൾ ആദ്യ കരാർ സ്ഥാപനത്തിൻ നിന്നും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ എന്ന വിവരം.

ടി എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ആദ്യത്തെ ക്വട്ടേഷനിൽ കരാർ സ്ഥാപനം ലഭ്യമാക്കിയ സാധനങ്ങൾക്ക് ക്വാളിറ്റി കുറവായിരുന്നുവെന്നും ആയതിനാലാണ് വീണ്ടും

ക്വട്ടേഷൻ ക്ഷണിക്കുന്നതിന് നിർബന്ധിതതമായതെന്നും രണ്ടാമത്തെ ക്വട്ടേഷൻ മുഖാന്തിരം ലഭിച്ച സാധനങ്ങൾ ക്വാളിറ്റി ഉള്ളവയായിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ 17.9.2022 ന് 2 Pm ന് ആദ്യ ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങളുമായി നെഗേസിയേഷൻ നടത്തുകയും ആയതിന് ശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിനാണ് കരാർ നൽകിയതെന്ന് ഫയലിലും, വിതരണ ഉത്തരവിലും പറഞ്ഞിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ 20.9.2022 ലെ ഇ/1464/2022/സി.എച്ച്.സി.പി നം നടപടിക്രമത്തിൽ 'Mediplatz Health Care' എന്ന സ്ഥാപനത്തിന് Glucometer, Glucometer Strips, Digital Weighing Mechine ഉൾപ്പെടെ അഞ്ച് ഉപകരണങ്ങൾ വിതരണത്തിന് ഓർഡർ നൽകുകയും, വിതരണം ചെയ്യുന്ന ഉപകരണങ്ങൾക്ക് പരിശോധനയിൽ ഗുണനിലവാരത്തിലോ അളവിലോ വ്യത്യാസം കാണുന്ന പക്ഷം വിതരണാനുമതി റദാക്കുന്നതിനു മെഡിക്കൽ ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണെന്ന് പറഞ്ഞിട്ടുള്ളതാകുന്നു. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, ടി സ്ഥാപനം ലഭ്യമാക്കിയ ഉപകരണങ്ങൾക്ക് ക്വാളിറ്റി കുറവായിരുന്നുവെന്നു ഹെൽത്ത് ഇൻസ്പക്ടർമാർ പരാതി പറഞ്ഞിരുന്നതായി മെഡിക്കൽ ഓഫീസർ വിശദീകരിച്ചിട്ടുണ്ട്. ക്വാളിറ്റി കുറഞ്ഞ ഉപകരണ വിതരണമാണ് സ്ഥാപനം നടത്തിയതെങ്കിൽ, വിതരണ ഉത്തരവിൽ പറഞ്ഞിരുന്നതുപോലെ ടി സ്ഥാപനവുമായുള്ള കരാർ റദ്ദാക്കുകയോ, പുതിയ ഉപകരണങ്ങൾ വിതരണം നടത്തുന്നതിനു നിർദേശം നൽകുകയോ അല്ലാത്ത പക്ഷം തുക അനുദിക്കാൻ പാടില്ലാത്തതുമാകുന്നു. അപ്രകാരം ചെയ്യാതെ സപ്ലൈ ചെയ്ത ഉപകരണങ്ങൾ ഉപയോഗിക്കുകയാണ് ചെയ്തത്. ഇത് തെറ്റായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു. അത്തരത്തിൽ ടി സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചതിനു ശേഷം, തുടർന്ന് മറ്റ് ഉപകരണങ്ങളുടെ വിതരണത്തിനായി വീണ്ടും ക്വട്ടേഷൻ ക്ഷണിക്കുന്നതായിരുന്നു ഉചിതം. കൂടാതെ ആദ്യ സ്ഥാപനം ലഭ്യമാക്കിയ സാധനങ്ങൾക്ക് ക്വാളിറ്റി കുറവായിരുന്നുവെന്നു എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. അപ്രകാരം ചെയ്യാതെ ഒരേ പ്രോജക്റ്റിലേക്കായി ഒന്നിലധികം ക്വട്ടേഷൻ ക്ഷണിച്ചത് ഉചിതമായില്ല എന്നും, അപ്രകാരം ചെയ്തത് കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 6 ൽ പ്രതിപാദിക്കുന്നതുപോലെ വാർഷിക ആവശ്യകത നിർണ്ണയം നടത്തി വാങ്ങലുകൾ നടത്തണമെന്ന നിർദേശത്തിനു വിരുദ്ധവുമാണ് എന്ന് കാണാവുന്നതുമാണ്. അപ്രകാരം വാർഷിക ആവശ്യകത നിർണ്ണയം നടത്തിയിരുന്നുവെങ്കിൽ രണ്ട് തവണ ക്വട്ടേഷൻ ക്ഷണിക്കേണ്ടി വരില്ലായിരുന്നു വെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം അനുവദിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 2017-18 മുതലുള്ള വർഷങ്ങളിൽ SLBP യുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം പ്രോജക്റ്റ് പൂർത്തിയായെങ്കിലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു. (അവലംബം ഓഡിറ്റ് എൻക്വയറി നം.- 44 , തീയതി : 16.11.2023 )

| പ്രോജക്റ്റ് വർഷം | പഞ്ചായത്തിൽ നിന്നും നൽകിയ തുക | പ്രോജക്റ്റ് പൂർത്തിയായ തീയതി | ചെലവഴിക്കാത്ത തുക |
|---|---|---|---|
| 2017-18 | 156250 | 29.2.2020 | 8141 |
| 2018-19 | 156250 | 18.12.2020 | 1009 |
| 2019-20 | 156250 | 12.3.2022 | 7835 |
| 2020-21 | 162500 | 1.3.2023 | 2233 |
| 2021-22 | 312500 | 9.8.2023 | 17281 |

| | | | |
|---|---|---|---|
| | | **ആകെ** | **36,499** |

ഇത്തരത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയായ 36,499/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-39 ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൌണ്ടിൽ നിലനിറുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന തുകകൾ മുൻവർഷങ്ങളിലും ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ഹെഡ് | 31.03.2022 ലെ നീക്കിയിരിപ്പ് | 31.03.2023 ലെ നീക്കിയിരിപ്പ് |
|---|---|---|
| 350200115 ഡ്യൂസ് ടു അദർ ലോക്കൽ ഗവ. ഇൻസ്റ്റിറ്റ്യൂഷൻസ് | 3000 | 3000 |
| 350200119 റിക്കവറീസ് പേയബിൾ കോവിഡ് | 132400 | 132400 |
| 350300104 ഗവ & അദർ ഡ്യൂസ് പേയബിൾ - സർവീസ് ടാക്സ് | 1684 | 1684 |
| 350300111 ഗവ & അദർ ഡ്യൂസ് പേയബിൾ- ഫ്ലഡ് സെസ് | 1170 | 1170 |
| 350300112 ഗവ & അദർ ഡ്യൂസ് പേയബിൾ- വാല്യു ഓഫ് കോർട്ട് ഫീ സ്റ്റാമ്പ് | 1355 | 1355 |
| 350400999 റീഫണ്ട് ഓഫ് അൺ യൂട്ടിലൈസ്ഡ് ഗ്രാന്റ്സ് - പ്രയർ പിരീഡ് | 153228 | 153228 |
| **ആകെ** | **292837** | **292837** |

മേൽ ഹെഡുകളിൽ ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിലനിറുത്തിയിട്ടുള്ള തുകകൾ ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായതാണെന്നും, തുകകൾ ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരികെ ഒടുക്കാതെ സൂക്ഷിച്ചിട്ടുള്ളതിനുള്ള കാരണവും വിശദമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07/10.11.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി, നികുതി ഇതര ഇനങ്ങളിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുക വർഷങ്ങളായി തനതു അക്കൗണ്ടിൽ നിലനിറുത്തിയിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. മേൽ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-40 മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

ബി18 ഷെഡ്യൂളിൽ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ഹെഡ് | 31.03.2022 ലെ നീക്കിയിരിപ്പ് | 31.03.2023 ലെ നീക്കിയിരിപ്പ് |
|---|---|---|

| | | |
|---|---|---|
| 460100101 ഫെസ്റ്റിവൽ അഡ്വാൻസ് | 27600 | 27600 |
| 460100199 അദർ അഡ്വാൻസസ് | 50000 | 50000 |
| 460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 971246 | 971246 |
| 460509901 അഡ്വാൻസ് ടു അദേഴ്സ് | 1450733 | 237200 |

മുൻകൂറുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07/10.11.2023) മുൻകൂർ തുകകൾ വരും വർഷങ്ങളിൽ ക്രമീകരിച്ച് ലഭ്യമാക്കുന്നതാണെന്നു മറുപടി നൽകി. മുൻകൂറുകൾ 3 മാസകാലയളവിനുള്ളിൽ ക്രമീകരിക്കണമെന്നിരിക്കേ മുൻകൂറുകൾ ക്രമീകരിക്കാതെ നിലനിറുത്തിയിട്ടുള്ളത് ശരിയായ രീതിയല്ല. മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-41 രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തു പരിശോധനക്കു ലഭ്യമാക്കിയ ഡിപ്പോസിറ്റ്സ് രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകളോ, സാക്ഷ്യപ്പെടുത്തലുകളോ ഇല്ലാത്തതുമാണ്. മുൻകൂറുകളുടെ രജിസ്റ്റർ, വായ്പ രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 4) രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടുള്ളതായി മറുപടി നൽകിയെങ്കിലും രജിസ്റ്ററുകൾ ലഭ്യമാക്കിയിരുന്നില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ ഈയിനങ്ങളിലെ വിശദാംശങ്ങൾ പരിശോധിക്കാനായില്ല.

ബാലൻസ് ഷീറ്റ് ബി 7 ഷെഡ്യൂൾ പ്രകാരം റെന്റ് ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ 2019 മുതൽ 15600/- രൂപ നീക്കിയിരിപ്പ് ഉണ്ട്. 14.01.2020 ലെ എസി-1/125/2019/തസ്വഭവ സർക്കുലർ പ്രകാരം രജിസ്റ്ററുകളുടെ പരിപാലനവും, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികളും സർക്കാർ വിശദമാക്കിയിട്ടുണ്ട്. സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യു.ഡി. തുടങ്ങിയ സ്ഥാപനങ്ങൾക്ക് അനുവദിച്ചതിൽ 1,17,79,286/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നതായി ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ടി തുക ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലായി ഏതൊക്കെ പ്രവൃത്തികൾക്കായി അനുവദിച്ചതാണെന്നു വ്യക്തമല്ല. തുക വിശദാംശം ചുവടെ.

| ഹെഡ് | 31.03.2023 ൽ ക്രമീകരിക്കാനവശേഷിക്കുന്ന തുക (രൂപ) |
|---|---|
| 460500201 ഡെപ്പോസിറ്റ് വിത്ത് കേരള വാട്ടർ അതോറിറ്റി | 2384700 |
| 460500202 ഡെപ്പോസിറ്റ് വിത്ത് കെ.എസ്.ഇ.ബി. | 9394586 |

| | |
|---|---|
| ആകെ | 1,17,79,286/- |

നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ രേഖകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 07/10.11.2023) മറുപടി ലഭ്യമാക്കിയില്ല.

തൻവർഷം വിവിധ പ്രവൃത്തികൾക്കായി കെ.ഡബ്ല്യു.എ. ക്ക് 953834/- രൂപയും, കെ.എസ്.ഇ.ബി. ക്ക് 1338378/- രൂപയും ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക മേൽ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തികൾക്കായി പദ്ധതി തുക നിക്ഷേപിച്ചു നൽകിയശേഷം തുകയുടെ വിനിയോഗം സംബന്ധിച്ച് മോണിട്ടറിംഗ് നടത്താത്തതും, പ്രവൃത്തികൾ പൂർത്തീകരിച്ച് നടപ്പാക്കപ്പെട്ടു എന്നു ഉറപ്പാക്കേണ്ടതും നിർവഹണാധികാരികളുടെയും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, ഭരണസമിതിയുടെയും ഉത്തരവാദിത്തമാണ്. പ്രവൃത്തികൾ പൂർത്തീകരിക്കാതെയും തുക ക്രമീകരിക്കാതെയും അവശേഷിക്കുന്നത് പദ്ധതി തുകയുടെ വിനിയോഗത്തിലുള്ള ഗുരുതര അലംഭാവമാണ് വെളിവാക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തൻവർഷ നിക്ഷേപമുൾപ്പെടെയുള്ള തുകയുടെ വിനിയോഗരേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-43 ജി.എസ്.ടി. ഒടുക്കുന്നതിലെ പൊരുത്തക്കേടുകൾ

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരമുള്ള ജി.എസ്.ടി. വിശദാംശങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | മുന്നിരിപ്പ് (മുൻ വർഷ ബി 9 പ്രകാരം) | തൻവർഷം ലഭിച്ച തുക (ആർ.പി 35 പ്രകാരം) | തൻവർഷം ഒടുക്കിയ തുക (ആർ.പി 35 പ്രകാരം) | നീക്കിയിരിപ്പ് (തൻ വർഷ ബി 9 പ്രകാരം) |
|---|---|---|---|---|
| 350200208 TDS SGST | 13615 | 5437 | 0 | 40424 |
| 350200207 TDS CGST | 13615 | 5437 | 0 | 40424 |
| 350200206 SGST | 7522 | 5952 | 5952 | 5352 |
| 350200205 CGST | 7522 | 5952 | 10292 | 5352 |

റ്റി.ഡി.എസ്. ഇനത്തിലെ ജി.എസ്.ടി. ഗ്രാമപഞ്ചായത്ത് തൻവർഷം ഒടുക്കിയിട്ടില്ല. ജി.എസ്.ടി തുക ഒടുക്കിയതു സംബന്ധിച്ച രേഖകളും, റിട്ടേണുകളും പരിശോധനക്കു ലഭ്യമായില്ല.

**സ്രോതസ്സിൽ നിന്നും ഈടാക്കിയ ജി.എസ്.ടി ഒടുക്കിയില്ല**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം ചെയ്ത പ്രോ നം. 21/23 ലുടെ സ്രോതസ്സിൽ നിന്നുള്ള ജി.എസ്.ടി ഇനത്തിൽ 7258/- രൂപ സപ്ലൈയറിൽ നിന്നും ഗ്രാമപഞ്ചായത്ത് കുറവു ചെയ്തിരുന്നു. പ്രസ്തുത തുക സി.എഫ്.സി. ഫണ്ടിൽ നിന്നും 22.05.2023 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തനതു അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ടെങ്കിലും തുക ഓഡിറ്റ് കാലയളവ് വരെയും ഒടുക്കിയിട്ടില്ല.

ജി.എസ്.ടി. ഈടാക്കി ഒടുക്കുന്നതിലെ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 28/14.11.2023) മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി. ഈടാക്കി ഒടുക്കുന്നതിനും റിട്ടേണുകൾ ഫയൽ ചെയ്യുന്നതിലും വീഴ്ച വരുത്തുന്നത് ഗുരുതരമായ വീഴ്ചയാണ്. പരാമർശത്തിനു ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-44 ബാങ്കിൽ നിന്നുള്ള പിൻവലിക്കലുകളുടെ ആധികാരികത വ്യക്തമല്ല - 1,44,261/- രൂപ തടസ്സം ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൌണ്ടിലെ (ഇൻഡ്യൻ ബാങ്ക് കരുംകുളം നം. 6014716811) ചുവടെ ചേർക്കുന്ന ഇടപാടുകളുമായി ബന്ധപ്പെട്ട പേമെന്റ് വൌച്ചറുകളുടെ വിശദാംശങ്ങൾ ലഭ്യമായില്ല.

| ക്രമ നം. | ഡെബിറ്റ് തുക | ചെക്ക് നം. / ഇടപാട് തീയതി | ഇടപാടു വിവരം |
|---|---|---|---|
| 1 | 26423 | 6861/17.05.22 | Remt Through Chq Inw-clg KSEB |
| 2 | 25000 | Nil/29.10.22 | To Transfer Festival Allowance |
| 3 | 11000 | Nil/29.10.22 | Wdl Tfr For NEFT |
| 4 | 3700 | 596796/27.12.22 | Remt Through Chq Anoop RG |
| 5 | 78138 | 758596/29.03.23 | Remt Thru Chq Inw Clg KWA |
| **ആകെ** | **144261** | | |

മേൽ പിൻവലിക്കലുകളുമായി ബന്ധപ്പെട്ട വിരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ബിൽ രജിസ്റ്ററിലോ, പേയ്മെന്റ് ഓർഡറിലോ ഉൾപ്പെട്ടു കണ്ടില്ല. ഇടപാടുകളുമായി ബന്ധപ്പെട്ട പേമെന്റ് വൗച്ചറുകളുടെ വിശദാംശം അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 45/16.11.2023) ക്രമ നം. 2,3,5 മായി ബന്ധപ്പെട്ട വൌച്ചറുകളുടെ വിവരം ഹാജരാക്കുന്നതാണ് എന്നും, ക്രമ നം.1 മായി ബന്ധപ്പെട്ട വൌച്ചർ നം. 22200044 (16639 രൂപ), ക്രമ നം. 4 മായി ബന്ധപ്പെട്ട വൌച്ചർ നം. 22200459 (61546/- രൂപ) ആണെന്നും മറുപടി നൽകി. ക്രമ നം. 1,4 മായി ബന്ധപ്പെട്ട വൌച്ചറുകളുടെ വിവരം ശരിയല്ല. വൌച്ചറുകളുടെ തുക വ്യത്യസ്തമാണ്. മേൽ ഇടപാടുകളുമായി ബന്ധപ്പെട്ട വൌച്ചറുകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങളുടെ അഭാവത്തിലും, ചെലവുകൾ ആധികാരികമാക്കപ്പെട്ടതാണെന്നു ഉറപ്പു വരുത്തുവാൻ സാധിക്കാത്തതിനാലും, മേൽ പ്രകാരമുള്ള ചെലവു തുക 1,44,261/- രൂപ തടസ്സം ചെയ്യുന്നു.

## 1-45 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു സർക്കാർ അനുമതി തേടേണ്ടതാണ്.

ജനറൽ വിഭാഗക്കാരുടെ ഭവന പുനരുദ്ധാരണത്തിനായി ഗ്രാമപഞ്ചായത്ത് ചുവടെ ചേർക്കും പ്രകാരം 4 പദ്ധതികൾ തൻവർഷം സ്പിൽ ഓവർ അംഗീകാരം നേടി നടപ്പാക്കിയിട്ടുണ്ട്.

| പ്രോ.നം., പേര് | ഫണ്ടിനം | അടങ്കൽ തുക (രൂപ) | ചെലവു തുക (രൂപ) |
|---|---|---|---|
| 41/23 വീട് വാസയോഗ്യമാക്കൽ (ജനറൽ) | വികസന ഫണ്ട് (പൊ.വി)<br>തനതു ഫണ്ട് | 92000<br>43000 | 92000<br>8000 |
| 42/23 വീട് വാസയോഗ്യമാക്കൽ (ജനറൽ) | വികസന ഫണ്ട് (പൊ.വി) | 225000 | 175000 |
| 40/23 വീട് വാസയോഗ്യമാക്കൽ (ജനറൽ) | വികസന ഫണ്ട് (പൊ.വി) | 50000 | 25000 |
| 46/23 വീട് വാസയോഗ്യമാക്കൽ (ജനറൽ) | ധനകാര്യ കമ്മിഷൻ അവാർഡ്<br>തനത് ഫണ്ട് | 4245640<br>94360 | 3215000<br>0 |
| **ആകെ** | | **4750000** | **3515000** |

മേൽ പദ്ധതികളിലൂടെ, മുൻവർഷങ്ങളിൽ (2019-20 സാമ്പത്തിക വർഷം മുതൽ) ഭവന

പുനരുദ്ധാരത്തിനായി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരുന്നതും, ഒന്നാം ഗഡു അനുവദിച്ചതുമായ ഗുണഭോക്താക്കൾക്ക് ബാക്കിയുള്ള ആനുകൂല്യം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഭവനനവീകരണത്തിനായി ഗുണഭോക്താവ് ഒന്നിന് 50000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം ആനുകൂല്യം നേടിയ ഭൂരിഭാഗം വീടുകളും നിയമാനുസൃതമല്ലാത്തവയും, യു.എ/ടെമ്പററി നമ്പറുകളുള്ളവയുമാണ്. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനു ആനുകൂല്യം അനുവദിക്കുന്നതിലേക്കായി സർക്കാർ അനുമതി ലഭ്യമായതിനുള്ള രേഖകൾ ലഭ്യമായില്ല. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് നവീകരണത്തിനുള്ള ആനുകൂല്യം അനുവദിക്കുന്നതിലേക്കായി കോഓർഡിനേഷൻ കമ്മിറ്റിക്കു ഗ്രാമപഞ്ചായത്തു ശുപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ 'ഏതുതരം പുനരുദ്ധാരണമാണ്, എത്ര ഗുണഭോക്താക്കളുണ്ട്, അനധികൃത നിർമ്മാണം എന്ന തരംതിരിവ് ഏതു കാരണത്താലാണ് തുടങ്ങിയവ വ്യക്തമാക്കി ഡി.പി.സി.ക്ക് സമർപ്പിച്ച ശേഷം കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകുവാൻ' കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളതായും 27.08.2022 10(14) തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങളിന്മേൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകിയ കത്തിന്റെയും, കോഓർഡിനേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്തിനു നൽകിയ മറുപടിയുടെയും, രേഖകളും പരിശോധനക്കു ലഭ്യമാക്കിയില്ല.

പരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 50/17.11.2023) ഭരണസമിതിയുടെ 10.10.2022 ലെ 1(2)-ാം നമ്പർ തീരുമാനത്തിലൂടെയാണ് യു.എ. നമ്പറിലെ കെട്ടിടങ്ങൾക്ക് ഭവന നവീകരണത്തിനുള്ള ആനുകൂല്യം അനുവദിച്ചത് എന്നു നിർവഹണോദ്യോഗസ്ഥ മറുപടി നൽകി. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് വൈദ്യുതകണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിലേക്കായാണ് താത്കാലിക/യു.എ. നമ്പർ അനുവദിക്കുന്നത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ, പ്രസ്തുത കെട്ടിടങ്ങൾക്ക് ഭവനപുനരുദ്ധാരണത്തിനുള്ള ആനുകൂല്യം അനുവദിച്ചത് ക്രമപ്രകാരമല്ല. അനധികൃത നിർമ്മാണങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു സർക്കാർ നിർദ്ദേശങ്ങൾ തേടേണ്ടതും, മേൽ പദ്ധതികളിലൂടെ ചെലവു ചെയ്ത തുകക്ക് 3515000/- സർക്കാരിൽ നിന്നും സാധൂകരണം നേടേണ്ടതുമാണ്.

## 1-46 ഭവനനവീകരണത്തിനായി മുൻകൂർ തുക കൈപ്പറ്റിയെങ്കിലും നവീകരണം നടത്തിയില്ല

ശ്രീ. പൗലോസ്, കുളപ്പുര കെട്ടിയ പുരയിടം, പുതിയതുറ എന്ന ഗുണഭോക്താവ് ഭവനനവീകരണത്തിനുള്ള ആനുകൂല്യത്തിനായി 23.3.2021 തീയതിയിൽ കരാറിലേർപ്പെട്ടതിനെ തുടർന്ന് ടിയാൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ മുൻകൂർ ആയി 25000/- രൂപ അനുവദിച്ചിട്ടുണ്ട് (അക്കൗണ്ട് നം. 57048271372 എസ്.ബി.ഐ. പൂവാർ, ആധാർ നമ്പർ 235346345195). എന്നാൽ ടി ഗുണഭോക്താവ് നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. ടിയാൾ കൈപ്പറ്റിയ മുൻകൂറിനുള്ള പ്രവൃത്തികളും ടിയാൾ നിർവഹിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു് (നം. 50/17.11.2023) ശ്രീ. പൌലോസിനു ഗ്രാമപഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകിയിട്ടുള്ളതായും, ടിയാളെ നേരിൽ കണ്ട് ബോധ്യപ്പെടുത്തിയിട്ടും മുൻകൂർ തുക തിരികെ ഒടുക്കിയിട്ടില്ലാത്തതാണെന്നു മറുപടി നൽകി. ടി ഗുണഭോക്താവിനു ടി തുക ഒടുക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്തതാണെന്നും വി.ഇ.ഒ. മറുപടി നൽകി. ഒരു മാസത്തിനുള്ളിൽ ഭവനനവീകരണം പൂർത്തിയാക്കാമെന്ന വ്യവസ്ഥയിൽ കരാറിലേർപ്പെട്ട ശേഷം കൈപ്പറ്റിയ തുകക്കുള്ള പ്രവൃത്തികൾ കൂടി ചെയ്തിട്ടില്ലായെന്നതും, ടിയാൾക്ക് കൈപ്പറ്റിയതുക തിരികെ ഒടുക്കുന്നതിനു സാധിക്കുന്നില്ലായെങ്കിൽ പ്രസ്തുത വിഷയവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ നിർദ്ദേശങ്ങൾ നേടേണ്ടതാണ്.

## 1-47 ലൈഫ് ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം ഉപയോഗിച്ച്, മറ്റു വ്യക്തിക്കായി ഭവനം നിർമ്മിച്ചു - തുക തിരികെ ഈടാക്കേണ്ടതാണ്.

ലൈഫ് പദ്ധതിയുടെ ഭൂമിയുള്ള ഭവന രഹിത ഗുണഭോക്താവായ ശ്രീ. ദാസൻ, പഴയതുറ പുരയിടം, പുല്ലുവിള പി.ഒ. എന്ന ഗുണഭോക്താവ് (ഐഡി 733180) കരാറിലേർപ്പെട്ട് വീട് പണി നടത്തുന്നതിനുവേണ്ടി 3,00,000/- രൂപ കൈപ്പറ്റിയിട്ടുള്ളതായും, എന്നാൽ പ്രാദേശിക അന്വേഷണത്തിൽ ടിയാൾക്ക് 2005-06 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും ലഭിച്ച കോൺക്രീറ്റ് വീട് ഉള്ളതായും, ടിയാൾക്ക് ഭവന നിർമ്മാണത്തിനായി അനുവദിച്ച ആനുകൂല്യം ഉപയോഗിച്ച് ടിയാൾ ശ്രീമതി. പുഷ്പലീല, W/o ആന്റണി, പഴയതുറപുരയിടം, പുല്ലുവിള പി.ഒ., എന്നവരുടെ പഴയവീട് പൊളിച്ച് ആ വസ്തുവിൽ ശ്രീമതി. പുഷ്പലീലക്കായി വീട് പണിയുന്നതായി അറിയുന്നതായും ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനു ഭരണസമിതി 27.1.22 തീയതിയിലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് (നം. 1(6)). മേൽ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിവില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.52/17.11.2023) മറുപടി ലഭ്യമാക്കിയില്ല. സ്വന്തമായി ഭവനം ഉണ്ടായിരിക്കേ, അനർഹമായി ഭവനരഹിതരുടെ പട്ടികയിലുൾപ്പെട്ട് ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം കൈപ്പറ്റിയത് ക്രമവിരുദ്ധമാണ്. മേൽ ഗുണഭോക്താവിനു അനുവദിച്ച ഭവനനിർമ്മാണ ആനുകൂല്യം പൂർണ്ണമായി തിരികെ ഈടാക്കേണ്ടതും, തുക ബന്ധപ്പെട്ട ഹെഡുകളിലേക്ക് ഒടുക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-48 ലൈഫ് ഭവനപദ്ധതിക്കായി കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

ലൈഫ് രജിസ്റ്ററുകളുടെ പരിശോധനയിൽ, ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ട്, മുൻകൂർ തുക സ്വീകരിച്ച ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം കരാർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതായി ബോധ്യപ്പെട്ടു.

| രജിസ്റ്ററിലെ ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച ആകെ തുക | അവസാനം തുക അനുവദിച്ച തീയതി |
|---|---|---|---|
| 67 | വിമല ജെ | 40000 | 13.12.2019 |
| 54 | സിന്ധുഎം | 360000 | 05.06.2020 |
| 83 | താർസിലി | 40000 | 29.02.2020 |
| 101 | ബേബി സുനിൽ | 360000 | 18.01.2021 |
| 115A | സുധ | 300000 | 21.10.2022 |
| 117 | ഡെയ്സി | 260000 | 17.06.2021 |
| 165 | മേരിഗിൽഡ | 40000 | 07.12.2022 |

ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ട് മുൻകൂർ കൈപ്പറ്റിയ ശേഷം നിർമ്മാണം പൂർത്തീകരിക്കാത്തതിനു വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 57/18.11.2023) ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. എന്നാൽ ഭരണസമിതി പ്രസ്തുത ഗുണഭോക്താക്കളുടെ വിഷയത്തിൽ നിർദ്ദേശിച്ച/സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കിയില്ല. മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും, ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം ടിയാളുകൾ സമർപ്പിച്ചിട്ടുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-49 ബയോകമ്പോസ്റ്റർ ബിന്നുകളുടെ വിതരണം - പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തിയിട്ടില്ല

പ്രോ. നം. 21/23 പോർട്ടബിൾ ഹൗസ് ഹോൾഡ് ബയോ കമ്പോസ്റ്റർ ബിൻ യൂണിറ്റ്

അടങ്കൽ തുക - 6,50,767/-

ചെലവു തുക - 370098/-

പേമെന്റ് വൌച്ചർ നം. XVFC/2022-23/P/86- 81276/- (സി.എഫ്.സി.)

XVFC/2022-23/P/93- 240956/- (സി.എഫ്.സി.)

ചെക്ക് നം. 006081/14.03.2023 - 40608/- (ഗുണഭോക്തൃവിഹിതം)

311463/22.05.2023 - 7258/- (സി.എഫ്.സി.)

നിർവഹണാധികാരി - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

6,50,767/- രൂപ അടങ്കൽ വകയിരുത്തിയിരുന്ന പദ്ധതി പ്രകാരമുള്ള വാങ്ങലിനു ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. 188 യൂണിറ്റ് ബിന്നുകൾ (യൂണിറ്റിന് 1930+12%ജി.എസ്.റ്റി.നിരക്കിൽ) ഐ.ആർ.റ്റി.സി. യിൽ നിന്നും നേരിട്ടു വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി പ്രകാരം വാങ്ങിയതിൽ 138 യൂണിറ്റ് ബിന്നുകൾ വിതരണം ചെയ്തതിനുള്ള രേഖകൾ മാത്രമാണ് പരിശോധനക്കു ലഭ്യമായിട്ടുള്ളത്. ബിന്നുകൾ അന്തിമ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്നതു ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരം വ്യക്തമല്ല. വാങ്ങിയ 188 ബയോ ബിന്നുകളിൽ 20 എണ്ണം ഓഡിറ്റ് തീയതി വരെയും വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ വച്ചിട്ടുണ്ട്. ഇതിലേക്കായി ലഭ്യമായിട്ടുള്ള ഇനോകുലം (20 പാക്കറ്റ്) കാലഹരണപ്പെടുകയും, ഉപയോഗശൂന്യമാകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 27/14.11.2023, 54/17.11.2023) അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം, ഗവ. റേറ്റിലാണ് പദ്ധതി നിർവഹിച്ചിട്ടുള്ളത് എന്നു അറിയിക്കുകയുണ്ടായി. 20 ഗുണഭോക്താക്കൾക്ക് ബിന്നുകൾ നൽകുവാനുണ്ടെന്നും, ടി ഗുണഭോക്താക്കൾ അറിയിപ്പു നൽകിയിട്ടും ബിന്നുകൾ കൈപ്പറ്റാത്തതാണെന്നും, വാർഡ് മെമ്പർമാർക്ക് അറിയിപ്പ് നൽകി ബിന്നുകൾ അടിയന്തിരമായി കൈമാറുന്നതാണെന്നും മറുപടി നൽകി. ബിന്നുകളുടെ വിതരണം പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.







## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | തൻ വർഷം വകയിരുത്തിയ തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 8000000 | 182/23 ഭവനനിർമ്മാണം ലൈഫ് ജനറൽ | 4480000 | |
| | | 1000000 | 39/23 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി പട്ടികജാതി അഡിഷണൽ ലിസ്റ്റ് | **300000** | |
| | | 434625 | 126/23 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 434625 | |
| | | 300000 | 161/23 ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി നൽകൽ | 100000 | |
| **ആകെ** | | | | **5314625** | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 6179640 | 182/23 ഭവനനിർമ്മാണം ലൈഫ് ജനറൽ | 2460000 | |
| | | 434625 | 126/23 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 434625 | |
| | | 300000 | 161/23 ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി നൽകൽ | 120000 | |
| **ആകെ** | | | | **3014625** | |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (വാർഷിക കണക്കുകൾ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 680370 | 5314625 | 5994995 | 5314625 | 680370 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 26048 | 3014625 | 3040673 | 3014625 | 26048 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ഫണ്ടിനം | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനി യോഗ സാക്ഷ്യ പത്രം പ്രകാരം) | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | 60/23 നിലവിലുള്ള കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 673834 | 0 | 673834 |
| കെ.ഡബ്ല്യൂ.എ | 294/23 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 3 | ധനകാര്യ കമ്മീഷൻ അവാർഡ് | 280000 | 0 | 280000 |
| ആകെ | | | 953834 | 0 | 953834 |
| കെ.എസ്.ഇ.ബി. | 159/23 പോസ്റ്റ് ഷിഫ്റ്റിംഗ് | വികസനഫണ്ട് പൊതു വിഭാഗം | 149890 | 0 | 149890 |
| കെ.എസ്.ഇ.ബി. | 22/23 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് ലൈൻ എക്സറ്റൻഷൻ | ധനകാര്യ കമ്മീഷൻ അവാർഡ് | 1188488 | 0 | 1188488 |
| ആകെ | | | 1338378 | 0 | 1338378 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് * |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 8206098 | 1338378 | 9544476 | ലഭ്യമായില്ല | 9394586 |

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ. | 2384700 | 953834 | 3338534 | ലഭ്യമായില്ല | 2384700 |

* നിക്ഷേപ പ്രവൃത്തികൾക്കായി അനുവദിച്ച തുകകൾ തെറ്റായി ആസ്തി/ചെലവു ഹെഡുകളിൽ ബുക്ക് ചെയ്തതിനാൽ നീക്കിയിരിപ്പു തുക ശരിയായി രേഖപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

(വാർഷിക കണക്കുകൾ പ്രകാരം)

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 20669277 | 24679028 | 5610514 | 39737791 |

## 4-5 സ്ഥിര നിക്ഷേപം

| സ്ഥിര നിക്ഷേപ തുക | സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ള ബാങ്ക് | നിക്ഷേപത്തിന്റെ നമ്പർ |
|---|---|---|
| 50,00,000/- | ഇന്ത്യൻ ബാങ്ക് | 6678818647 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,45,64,313.70 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,51,27,510.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,31,20,642.00 |
| നീക്കിയിരിപ്പ് | 2,65,71,181.70 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,98,936 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | തുക(രൂ) | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 1-22 | 24,000 | ശ്രീമതി.മിനി.ജെ,സെക്രട്ടറി |
| 2 | 1-33 | 17,640 | ശ്രീ.അരുൺ .ജെ.പ്രതാപ്,.അസി.എഞ്ചിനീയർ |
| 3 | 1-34 | 13,035 | ശ്രീ.അരുൺ .ജെ.പ്രതാപ്,അസി.എഞ്ചിനീയർ |
| 4 | 1-44 | 1,44,261 | ശ്രീമതി.മിനി.ജെ,സെക്രട്ടറി |
| | **ആകെ** | **1,98,936** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അരുൺ.ജെ.പ്രതാപ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | പ്രതാപിൽ ഹൌസ് കാച്ചാണി നെട്ടയം.പി.ഓ. |
| ശ്രീമതി.മിനി.ജെ, സെക്രട്ടറി | സെക്രട്ടറി, വെള്ളനാട് ഗ്രാമപഞ്ചായത്ത് | ഹൌസ്.നം. 19 MGRA പാപ്പനംകോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 19999-00 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 2 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 8 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 3 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 5 |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 13 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1191/2018 തീ. 2-6-18 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/955/2019 തീ. 14.6.2019 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/955/2019 തീ. 14.6.2019 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/328/19 തീയതി 12.11.19 | 23 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/496/20 തീയതി 04.05.20 | 21 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/703/21 തീയതി 09.04.2021 | 57 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1015/22 തീയതി 30.06.2022 | 34 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2218/22 തീയതി 02.03.2023 | 40 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 08-08-2023 and submitted on 08-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karumkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karumkulam Grama Panchayat for the year 2022-2023

**Date: 13/12/2023** **Deputy Director(H.G)**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Karumkulam Grama Panchayat for the Year 2022-2023.

### 1.Major Observations

Deficit balance for the institution as per the Income & Expenditure statement.
Expenditure (Rs.20,70,18,274/-) exeeds income (Rs.19,86,64,092/-) as per Income & Expenditure Statement.

### 2.Other Observations

1) Mandatory financial statements prescribed in accounting rules are not submitted for audit.

Annual Ratios and Notes on Accounts as per rule 62-2 (f) of Kerala Panchayat Raj Accounts Rules, 2011 are not filed with the annual financial statements.

2. Cash flow statement-Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalence.
3. A sum of Rs. 2,31,04,084/- credited directly in the bank account was booked under 180800199 miscellaneous head, without any authorisation
4. Reconciliation not given to the following accounts Indian bank own fund(6014716811), Health grant (40733101056200), SBI epayment (37945809242), LGTSB (799013000000891), MGNREGA (40733101057449)
5. A sum of Rs.182880/- drawn for the disbursal of unemployment allowance and pre monsoon cleaning by treasury bills not included in the AFS
6. Figures in the AFS does not match with the registers kept with. for example

property tax current

| | Demand | Collection +Advance | Balance |
|---|---|---|---|
| as per afs | 3195510 | 2691319 | 520348 |
| As per Sanchaya | 3360124 | 2770894 | 455847 |

7.Expenditures not booked under concerned heads. Total expenditure under 220110101 electricity charges is Rs.1,37,52,657/- as per AFS . in the ledger it is found that a sum of Rs. 13,360,029.00i s booked in the head, which is actually not an expenditure related to it.
8.Deposits Register, Advances Register, Loan Register, Asset Register etc. are not maintained. Therefore, the amounts in each category could not be reconciled with the annual financial statements
9.Demand entries are not provided in time.

For example, property tax demand entries have been made only on 31.03.2023, while demand entries are required to be made at the beginning of the financial year and every month thereafter.
10. sufficient amount of capital contribution is not provided with respect to asset value.
11.Receipt registers are not kept certified by closing each month and reconciling with the ledger balance. Only annual closing is done.
12.Depreciation given for non Asset heads. for example depreciation is provided under heads waterways, plant &machinery, but there are no such assets for the institution.
14. Closing balance of CFC account as per AFS is Rs. 1,17,36,542/-. As per cash book it is Rs.11,765606/-. difference not reconciled.
15. Not providing adequate provision for expense due.

Eg- Provision is not recorded in Schedule B9 of the balance sheet for expenses that cannot be met within the financial year (eg. Honorarium of People's Representatives in March 2023, fuel expenses etc.)

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്